# വളയം ഗ്രാമപഞ്ചായത്ത്

## വനിതാ ശിശുവികസന സ്റ്റാറ്റസ് റിപ്പോർട്ട്

തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വളയം ഗ്രാമപഞ്ചായത്തിന്റെ 19 അങ്കണവാടികളാണ് ഉള്ളത്. സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായി നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്ത് പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. മുൻവർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ വഴി അങ്കണവാടികളുടെ കെട്ടിട നിർമ്മാണം, അനുപൂരക പോഷകാഹാര വിതരണം, അങ്കണവാടികൾക്ക് ഫർണ്ണിച്ചർ, കളി ഉപകരണങ്ങൾ, ഫുഡ് കണ്ടെയ്നറുകൾ, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവ വളരെ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ വനിതാ ശിശു വികസന രംഗത്ത് 1,44,23454/ രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

നിലവിലെ അവസ്ഥ

| | | | | |
|---|---|---|---|---|
| ആകെ | 0 - 6 | കുട്ടികൾ | - | 1838 |
| | | ഗർഭിണികൾ | - | 154 |
| | | അമ്മമാർ | - | 146 |

ഗുണഭോക്താക്കൾക്ക് ഐ.സി.ഡി.എസ് മാനദണ്ഡപ്രകാരമുള്ള ഭക്ഷണം നൽകി വരുന്നുണ്ട്. നിലവിൽ 19 അങ്കണവാടികളിൽ 17 ന് എണ്ണത്തിന് സ്വന്തം കെട്ടിടം ഉണ്ട്. വാടക കെട്ടിടത്തിൽ ഒരു അങ്കണവാടിയും വാടകേതര കെട്ടിടത്തിൽ ഒരു അങ്കണവാടിയും പ്രവർത്തിക്കുന്നുണ്ട്. 12 അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഉണ്ട്. ടോയ്‌ലറ്റ് സൗകര്യം എല്ലാ അങ്കണവാടികളിലും ഉണ്ട്. ഗ്യാസ് കണക്ഷൻ എല്ലാ അങ്കണവാടികളിലും ഉണ്ട്. 18 അങ്കണവാടികൾക്ക് വൈദ്യുതി സൗകര്യം ഉണ്ട്. ഒരു അങ്കണവാടിക്ക് കൂടി വൈദ്യുതി സൗകര്യം ആവശ്യമാണ്. അതുപോലെ ചുറ്റുമതിൽ 16 അങ്കണവാടിക്ക് മാത്രമേ ഉള്ളൂ. ഒരു അങ്കണവാടിക്ക് കൂടി ചുറ്റുമതിൽ ആവശ്യമാണ്. CNo : 157 വാടിക്ക് സ്ഥലം കിട്ടിയിട്ടുണ്ട്. എത്രയും പെട്ടെന്ന് അങ്കണവാടിക്ക് കെട്ടിടം എടുക്കേണ്ടതായിട്ടുണ്ട്. CNo : 148 അങ്കണവാടിക്ക് സ്ഥലം കണ്ടെത്തേണ്ടതാണ്. പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 3 അങ്കണവാടികൾ ക്രാഡിൽ അങ്കണവാടികൾ ആക്കിയിട്ടുണ്ട്. ഈ വർഷം 6 അങ്കണവാടികൾ കൂടി ക്രാഡിൽ സൗകര്യമുള്ള അങ്കണവാടികളാക്കാൻ പ്രോജക്ട് വച്ചിട്ടുണ്ട്.

### 14 –ാം പഞ്ചവത്സര പദ്ധതി കാലത്ത് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

വനിതാ ശിശുവികസന രംഗത്തെ പ്രവർത്തനങ്ങളിൽ വളരെയധികം ശ്രദ്ധ ചെലത്തുന്ന പഞ്ചായത്ത് ഭരണസമിതിക്ക് മുമ്പാകെ ഈ പഞ്ചവൽസര പദ്ധതികാലത്ത് നടത്തേണ്ടുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. അങ്കണവാടി പോഷകാഹാരം
2. അങ്കണവാടികൾ മാതൃകാകേന്ദ്രങ്ങൾ ആക്കൽ
3. ബാലസഭാ ശാക്തീകരണം
4. ജാഗ്രതാ സമിതി ശാക്തീകരണം

5. അങ്കണവാടി മെയിന്റനൻസ്

6. അങ്കണവാടി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

7. അങ്കണവാടിക്ക് സ്ഥലം കണ്ടെത്തുക.

8. അങ്കണവാടിക്ക് ഗ്യാസ് സിലിണ്ടർ

9. വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം (മെഴുകുതിരി, സോപ്പു നിർമ്മാണം)

10. വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം

11. വനിതകൾക്ക് ഓട്ടോ ഡ്രൈവിംഗ് പരിശീലനം

12. അങ്കണവാടികൾക്ക് ചുറ്റുമതിൽ റിപ്പയറിംഗ്

13. അങ്കണവാടികൾക്ക് വൈറ്റ് വാഷ്

14. അങ്കണവാടികൾക്ക് കുടിവെള്ളം

വനിതകൾക്ക് കലോചിതമായ തരത്തിലുള്ള തൊഴിലും തൊഴിൽ പരിശീലനവും നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ, കുട്ടികളുടെയും സ്ത്രീകളുടെയും ക്ഷേമത്തിനായുള്ള ബാലസഭാ ശാക്തീകരണവും ജാഗ്രതാ സമിതി ശാക്തീകരണത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

**ബിന്ദു. പി**

# വളയം ഗ്രാമപഞ്ചായത്ത്

## സാമൂഹ്യക്ഷേമം – സ്റ്റാറ്റസ് റിപ്പോർട്ട്

വളയം ഗ്രാമപഞ്ചായത്ത് മുൻകാല പദ്ധതി പ്രവർത്തനങ്ങൾ വഴി സാമൂഹ്യക്ഷേമ രംഗത്ത് വിജയം കൈവരിച്ചിട്ടുണ്ട്. ഭിന്നശേഷി സ്കോളർഷിപ്പ്, ഭിന്നശേഷികാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ, മുചക്രവാഹന വിതരണം, വീൽചെയർ വിതരണം, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, വൃദ്ധർക്ക് കട്ടിൽ, പകൽ വീട് പ്രവർത്തനങ്ങൾ, ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹ്യക്ഷേമ രംഗത്ത് 2131085 രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ വയോജനങ്ങൾക്ക് കട്ടിൽ വിതരണം, പകൽ വീട് പ്രവർത്തനങ്ങൾ, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ, ഭിന്നശേഷികാർക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം നൽകൽ എന്നീ പദ്ധതികൾ നടപ്പിലാക്കുക വഴി വയോജനക്ഷേമവും ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസവും ഉറപ്പു വരുത്തുന്നു.

അടുത്ത പഞ്ചവത്സര പദ്ധതി കാലത്ത് സാമൂഹ്യക്ഷേമ രംഗത്ത് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

1. വയോജനങ്ങൾക്ക് കട്ടിൽ
2. പകൽ വീട് പ്രവർത്തനങ്ങൾ
3. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്
4. ഭിന്നശേഷികാർക്ക് ഉപകരണങ്ങൾ നൽകൽ
5. ഭിന്നശേഷികാർക്ക് തൊഴിൽ പരിശീലനം
6. അഗതി, ആശ്രയ പദ്ധതി
7. ബഡ്സ് സകൂൾ പ്രവർത്തനങ്ങൾ
8. വയോജനങ്ങൾക്ക് യോഗ പരിശീലനം

ഈ പദ്ധതികൾ നടപ്പിലാക്കുക വഴി ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നു.

**ബിന്ദു. പി**

# ആമുഖം

കൃഷിക്ക് വളരെയേറെ പ്രാധാന്യം ഉള്ള ഒരു മലയോര ഗ്രാമമാണ് വളയം ഗ്രാമപഞ്ചായത്ത്. പല തരത്തിലുള്ള ഇടവിള കൃഷികളും അധ്വാന തൽപരരായ കൃഷിക്കാരും ഏറെ ഉണ്ടായിരുന്നു. ഇരിപ്പൂ, ഒരുപ്പൂ കൃഷികൾക്കു പുറമെ പച്ചക്കറി കൃഷിയും എങ്ങും കാണാമായിരുന്നു.

ഇന്ന് വിവിധ കാരണങ്ങളാൽ നെൽകൃഷി ക്ഷമിച്ചു. കർഷകർ ദീർഘകാല വിളകളിലേക്ക് മാറി. കൃഷി ഭൂമി ചരുണി വന്നു. ജനകീയാസൂത്രണത്തിന്റെ വരവോടെ ചില ചെറിയ ചലനങ്ങൾ നമ്മുടെ പ്രദേശത്തെ കാർഷിക രംഗത്തും പ്രകടമായി.

# അധ്യായം – 1

## 1996 – ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും.

പണ്ട് കാലത്ത് ഭൂ പ്രദേശങ്ങൾ മുഴുവൻ കുറ്റിപുറം, ആയഞ്ചേരി, പുറമേരി കോവിലകങ്ങളുടെ അധീനതയിൽ ആയിരുന്നു. ജന്മിനാടുവാഴിത്തത്തിന്റെ കൊടും ചൂക്ഷണങ്ങൾക്ക് വിധേയമായ ഒരു കാർഷിക സമൂഹമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. 1940കളിൽ തെക്കൻ മേഖലകളിൽ നിന്നുള്ള കുടിയേറ്റം ആരംഭിച്ചതോടുകൂടി കാർഷിക രംഗത്ത് പ്രകടമായ മാറ്റം വന്നു തുടങ്ങി. പുതിയ കൃഷി രീതിക്കും അത്യുല്പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗവും കാർഷിക രംഗത്ത് മാറ്റമുണ്ടാക്കി.

### ഭൂമിയുടെ തരം 1996

1. പുരയിടം 6963 ഏക്കർ
2. പുറമ്പോക്ക് 140 ഏക്കർ
3. തരിശ് 37 ഏക്കർ

### അടിസ്ഥാന വിവരങ്ങൾ 2021

| | | |
|---|---|---|
| 1. | ആകെ ഭൂമി വിസ്തൃതി | - 31 ച.കി.മീ |
| 2. | കൃഷിക്ക് അനുയോജ്യമായ വിസ്തൃതി | - 2890 ഹെക്ടർ |
| 3. | തരിശ് ഭൂമി | - 15.2 ഹെക്ടർ |
| 4. | കൃഷിക്ക് യോഗ്യമല്ലാത്ത നീർക്കെട്ട് പ്രദേശം | - 32 ഹെക്ടർ |
| 5. | നിലവിൽ കൃഷി ചെയ്യുന്ന പ്രദേശം | - 2610 ഹെക്ടർ |
| 6. | കർഷകർ | - 6850 |

### ഭൂമിയുടെ തരം – 2021

| | | |
|---|---|---|
| 1. | പുരയിടം | - 2819 ഹെക്ടർ |
| 2. | പുറമ്പോക്ക് | - 56.7 ഹെക്ടർ |
| 3. | തരിശ് | - 15.2 ഹെക്ടർ |

## കൃഷി ഉപകരണങ്ങൾ – 2021

തെങ്ങ് കയറ്റ യന്ത്രം - 140 എണ്ണം കർഷകർക്ക്

കാട് വെട്ട് യന്ത്രം - 18 എണ്ണം കർഷകർക്ക്

## കർഷകർ/കർഷക തൊഴിലാളികളുടെ എണ്ണം

| | 2017 | 2022 |
|---|---|---|
| കർഷകർ | 6990 | 6850 |
| കർഷക തൊഴിലാളികൾ | 2670 | 1920 |
| സ്വന്തം ഭൂമി ഉള്ളവർ | 5250 | 5890 |
| പാട്ട കൃഷി ചെയ്യുന്നവർ | 410 | 240 |

## കൃഷി – വിള താരതമ്യം

| | 1996 – 99 | 2021 |
|---|---|---|
| 1. നെല്ല് | 4 ഹെക്ടർ | ഇല്ല |
| 2. തെങ്ങ് | 3005 ഹെക്ടർ | 2819 ഹെക്ടർ |
| 3. പച്ചക്കറി | 3 ഹെക്ടർ | 6 ഹെക്ടർ |
| 4. ഇടവിള | 18 ഹെക്ടർ | 19 ഹെക്ടർ |
| 5. വാഴ | 5 ഹെക്ടർ | 5- 10 ഹെക്ടർ |
| 6. കവുങ്ങ് | 25 ഹെക്ടർ | 26 ഹെക്ടർ |
| 7. കുരുമുളക് | 21 ഹെക്ടർ | 30 ഹെക്ടർ |
| 8. പാഠശേഖരണ സമിതി | ഇല്ല | 1 ഹെക്ടർ |

## മണ്ണിന്റെ ഘടന

1. മൺതരം - ചെങ്കൽ മണ്ണ് ലാറ്ററേറ്റ്
2. മണ്ണിന്റ ഘടന - ത്സാൻസി
3. അമ്ള സൂചിക - അസഡിക്
4. മണ്ണ് പരിശോധന - സാമ്പിൾ

## തൊഴിലുറപ്പ് പദ്ധതി

| | | 2017 – 18 | 2020 – 21 |
|---|---|---|---|
| 1. | രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 3181 | |
| 2. | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 66855 | |
| 3. | 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച കുടുംബങ്ങൾ | 18 | |
| 4. | തനത് വർഷം ചെലവായ തുക | 184.47 | |

## 2020 – 21 തുടർച്ച

| | |
|---|---|
| തൊഴിൽ കാർഡുകൾ നൽകിയ കുടുംബങ്ങൾ | 4028 |
| തൊഴിൽ കാർഡിലെ തൊഴിലാളികൾ | 2563 |
| സജീവ തൊഴിൽ കാർഡുകൾ | 2563 |
| സജീവ തൊഴിലാളികൾ | 2485 |
| പട്ടികജാതി തൊഴിലാളികൾ | 35 |
| പട്ടിക വർഗ്ഗ തൊഴിലാളികൾ | 43 |

# അധ്യായം – 2

## 25 വർഷത്തെ വിലയിരുത്തൽ

80 കൾക്ക് ശേഷം സംസ്ഥാനത്താകെ നിലനിന്നിരുന്ന ഉൽപാദക മാന്ദ്യം, കാർഷിക തകർച്ച എന്നിവ നമ്മുടെ പഞ്ചായത്തിലും അനുഭവപ്പെട്ടു. കൃഷി ലാഭകരമല്ലെന്ന പൊതു അഭിപ്രായം കൂടി വന്നു. ധാന്യ കൃഷിയിൽ നിന്നും നാണ്യ വിളകിലേക്കുള്ള മാറ്റം വേഗത്തിലായി. ജലസേചന സൗകര്യക്കുറവ്, കീടങ്ങളുടെ ആക്രമണം, ഉല്പാദനച്ചെലവ്, ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കായ്മ, അധ്വാനത്തോടുള്ള വിമുഖത, ഉപഭോക്യത സംസ്കാരങ്ങളുടെ വ്യാപനം തുടങ്ങിയ കാരണങ്ങളാൽ കാർഷിക തകർച്ച വേഗത്തിലായി.

1997 ൽ 3 ഹെക്ടർ പച്ചക്കറി കൃഷിയേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ 2021 ആയപ്പോഴേക്കം ഇത് 6 ഹെക്ടറിലേക്ക് വികസിച്ചു. സമഗ്ര കാർഷിക വികസന പദ്ധതിയുടെ ഭാഗമായി തെങ്ങു കൃഷിക്കാർക്ക് നൽകുന്നു. ജൈവ വളം വഴി നാളികേര ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടായി. 40 എന്നാൽ 50-60 ആയി. എല്ലാവർഷവും തെങ്ങിന് ജൈവവളം വിതരണം നടത്താറുണ്ടെങ്കിലും ഇതിന്റെ നേട്ട കോട്ടങ്ങൾ ശാസ്ത്രീയമായി വിലയിരുത്തപ്പെട്ടിട്ടില്ല. വള പ്രയോഗത്തിന് ആസ്പദമായ മണ്ണ് പരിശോധന, ജല ലഭ്യത തുടങ്ങിയ കാര്യങ്ങൾ വേണ്ടവിധം പരിഗണിക്കപ്പെടുന്നില്ല.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി കാർഷിക രംഗത്ത് ഉണർവ്വ് ഉണ്ടായിട്ടുണ്ട്. തെങ്ങ് വാഴ, പച്ചക്കറി എന്നിവയിൽ നേരിയ തോതിൽ ആണെങ്കിലും നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്.

# അധ്യായം – 5

## സംയോജന സാധ്യതകൾ

1. നെൽകൃഷി വ്യാപനത്തിനായി ബ്ലോക്ക് - ജില്ല - സംസ്ഥാന പദ്ധതികളുമായി സംയോജനം ആവശ്യമാണ്.
2. തോടുകളുടെയും കുളങ്ങളുടെയും നവീകരണത്തിനും ശാസ്ത്രീയമായ ജലനിർഗ്ഗ മന/സംരക്ഷണ മാർഗ്ഗ ങ്ങൾക്കും കേന്ദ്ര - സംസ്ഥാന സർക്കാർ പദ്ധതികളുമായി സംയോജനം നടത്തണം.
3. പച്ചക്കറി സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് ഹരിതകേരളം മിഷനുമായി സംയോജിപ്പിച്ച പദ്ധതികൾ ഉണ്ടാവണം.
4. കാർഷിക രംഗത്തെ വൈവിധ്യമാർന്ന പദ്ധതികൾക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെയുള്ള പദ്ധതികൾ ഗുണകരമാണ്.
5. മികച്ചയിനം നടീൽ വസ്തുക്കൾക്കായുള്ള നഴ്സറികൾ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തണം.
6. കാർഷിക രംഗത്തെ വിഭവങ്ങളെ ഉപയോഗപ്പെടുത്തി മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ തയ്യാറാക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും പദ്ധതിയുമായി സംയോജനം ആവശ്യമാണ്.

# അധ്യായം – 5

## സംയോജന സാധ്യതകൾ

| | | |
|---|---|---|
| കുടുംബാരോഗ്യ കേന്ദ്രം പൂർണ്ണ സജ്ജമാക്കൽ, സബ് സെന്ററുകൾ മികച്ച കേന്ദ്രങ്ങളാക്കൽ ആയുർവേദ ആശുപത്രി വികസനം ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം | } | കേന്ദ്ര സംസ്ഥാന പദ്ധതികൾ ജില്ലാ പഞ്ചായത്ത് പദ്ധതികൾ എന്നിവയുമായി |
| കോവിഡ്/പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ 100% പ്രതിരോധ കുത്തിവെപ്പ് സമഗ്രാരോഗ്യ പദ്ധതി | } | ആരോഗ്യ വകുപ്പ് ബ്ലോക്ക് പഞ്ചായത്ത് |
| മാലിന്യ നിർമ്മാർജ്ജനം | - | ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് |
| ശ്മാശാന നവീകരണം | - | എം.എൽ.എ, എം.പി.ഫണ്ട് |

എന്നിങ്ങനെ പദ്ധതികളുമായി സംയോജിപ്പിക്കാവുന്നതാണ്.

# ആരോഗ്യം

വളയം സാമൂഹിക ആരോഗ്യകേന്ദ്രം 1957 - ൽ പ്രാഥമിക ആരോഗ്യ കേന്ദ്രമായി വടകര താലൂക്കിൽ വളയം വില്ലേജിൽ സ്ഥാപിതമായ ആരോഗ്യ കേന്ദ്രമാണ്. വളയം, വാണിമേൽ, ചെക്കിയാട് തുടങ്ങിയ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും മലയോര മേഖലയിൽ താമസിക്കുന്നവർക്കും വളരെ പ്രയോജനകരമാണ് ഈ ആരോഗ്യകേന്ദ്രം. 2008 ൽ സർക്കാർ ഉത്തരവ് പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും സാമൂഹിക ആരോഗ്യ കേന്ദ്രമായി ഈ സ്ഥാപനം ഉയർത്തപ്പെടുകയുണ്ടായി. നിലവിൽ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നത്.

ആദ്യകാലത്ത് ഉച്ചവരെ മാത്രമായിരുന്നു ഒ.പി ഉണ്ടായിരുന്നത്. എന്നാൽ ഉച്ചവരെ ഉണ്ടായിരുന്ന ഒ.പി ദീർഘിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവാകുകയും തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് വഴി ജീവനക്കാരെ നിയമിക്കുകയും വൈകുന്നേരം വരെ ഒ.പി സമയം ദീർഘിപ്പിച്ചു കൊണ്ട് സർക്കാർ നിർദ്ദേശം പാലിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയ ശേഷം 200 ഒ.പി ഉണ്ടായിരുന്ന ഈ സ്ഥാപനം ഇപ്പോൾ 550 ലേറെ രോഗികൾക്ക് രോഗീ പരിചരണം നൽകിവരുന്നു.

പതിമൂന്നാം പഞ്ചവത്സര കാലത്ത് വർഷങ്ങളായുള്ള ആവശ്യമായ ആശുപത്രിക്കൊരു പുതിയ കെട്ടിടം എന്നത് സാക്ഷാത്കരിക്കുകയും ബഹു.നാദാപുരം നിയോജക മണ്ഡലം എം.എൽ.എ ശ്രീ.ഇ.കെ.വിജയന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 2 കോടി 60 ലക്ഷം അനുവദിക്കുകയും കെട്ടിടം പൂർത്തിയാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം പൂർത്തിയായ ആശുപത്രിയുടെ പുതിയ ബ്ലോക്കിൽ ഒ.പി റൂം, ഫാർമസി റൂം, ലബോറട്ടറി, ഡ്രെസ്സിംഗ് റൂം, ഒപ്റ്റോമെട്രിസ്റ്റ് റൂം, നേഴ്സസ് റൂം, പേഷ്യന്റ് ഒബ്സർവേഷൻ റൂം എന്നിവ പ്രവർത്തിക്കുന്നു.

സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ എല്ലാ ദിവസങ്ങളിലും ജനറൽ, ശിശുരോഗം എന്നീ വിഭാഗങ്ങളിൽ ഡോകടർമാരുടെ സേവനം ലഭ്യമാണ്. എല്ലാ ദിവസങ്ങളിലും ഫാർമസി, ലബോർട്ടറി സേവനം ലഭ്യമാണ്. കൂടാതെ ആഴ്ചയിൽ 3 ദിവസം കാഴ്ച പരിശോധകന്റെ സേവനം ലഭ്യമാണ്. ആഴ്ചയിൽ ഒരു ദിവസം ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനവും , ആഴ്ചയിൽ ഒരു ദിവസം കൗൺസിലറുടെ സേവനവും ലഭ്യമാണ്.

ആശുപത്രിയിൽ എല്ലാ ബുധനാഴ്ചകളിലും കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് ആശുപത്രിയിൽ നൽകിവരുന്നു. എല്ലാ മാസവും നാലാമത്തെ വെള്ളിയാഴ്ച മാനസിക അസ്വസ്ഥതകൾ ഉള്ളവർക്ക് മാനസികത്തിന്റെ ഡോക്ടറെ കാണാനുള്ള അവസരം ഈ ആശുപത്രിയിൽ ലഭിക്കുന്നുണ്ട്.

വളയം സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ ഭൗതീക സാഹചര്യങ്ങൾ കഴിഞ്ഞ പഞ്ചവത്സര കാലയളവിൽ വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. തൂണേരി ബ്ലോക്ക് പഞ്ചായത്ത് 2019-20 ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രിയിൽ ഒരു സ്ത്രീകേന്ദ്രം നിർമ്മിച്ചിട്ടുണ്ട്. സ്ത്രീ കേന്ദ്രത്തിൽ സ്ത്രീകൾക്ക് വിശ്രമിക്കുവാനുള്ള സൗകര്യവും, മുലയൂട്ടുന്ന അമ്മമാർക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

2020 - 21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഉപയോഗിച്ച് ലബോറട്ടറിയിൽ 668000/- രൂപക്ക് ഫുള്ളി ഓട്ടോമാറ്റിക് ബയോ കെമിസ്ട്രി അനലൈസർ വേടിക്കുകയും അതുവഴി രോഗികൾക്ക് കുറഞ്ഞ ചിലവിൽ കൂടുതൽ പരിശോധനകൾ നടത്തുവാനുള്ള സൗകര്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഉപയോഗിച്ച് ഫാർമസി ഡിസ്പെൻസ് ഏരിയ, ഫാർമസി സ്റ്റോർ റൂം എന്നിവ 660000/- രൂപ ഉപയോഗിച്ച് ഉന്നത നിലവാരത്തിലേക്ക് ഉയർത്തുകയും, രോഗികൾക്ക് അതിന്റെ സേവനം ലഭിക്കുകയും ചെയ്തു വരുന്നു.

2019- 20 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഉപയോഗിച്ച് ആശുപത്രി ജീവനക്കാർക്കുള്ള ക്വാർട്ടേർസുകളിൽ അറ്റകുറ്റ പണികൾ നടത്തുകയും അതുവഴി ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ താമസ സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

അതുപോലെ തന്നെ വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, എൻ.എച്ച്.എം ഫണ്ട്, ആശുപത്രി വികസന സമിതി ഫണ്ട് തുടങ്ങിയ ഫണ്ട് ഉപയോഗിച്ച് പ്രവർത്തികൾ ചെയ്തു വരുന്നു.

## ആശുപത്രി വികസന സമിതി (HMC)

തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ 3 മാസത്തിലൊരിക്കൽ ആശുപത്രി വികസന സമിതി യോഗം ചേരുന്നു. ആശുപത്രിയുടെ പ്രവർത്തനങ്ങളെ യോഗം വിലയിരുത്തുകയും, തുടർ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കയ്യ് കൊള്ളുകയും ചെയ്യുന്നു.

## കഴിഞ്ഞ പഞ്ചവത്സര കാലത്ത് ബ്ലോക്ക് പഞ്ചായത്തിൻ കീഴിൽ മാതൃകാ വിജയം കൈവരിച്ച പ്രോജക്ടുകൾ (HMC)

- **ക്യാൻസർ നിർണ്ണയ ക്യാമ്പ്** - ബ്ലോക്ക് പഞ്ചായത്തിൻ കീഴിൽ മുഴുവൻ പേരെയും സർവ്വേ നടത്തുകയും ലക്ഷണങ്ങൾ ഉള്ള ആളുകളെ ക്യാൻസർ പരിശോധന ക്യാമ്പിൽ പങ്കെടുപ്പിക്കുകയും തുടർ ചികിത്സ നിർദ്ദേശിക്കുകയും ചെയ്തു.

- **ആശുപത്രി ദൈനം ദിന ചിലവുകൾ** - ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനം എന്ന നിലയിൽ ഈ സ്ഥാപനത്തിന്റെ വൈദ്യുതി, വാഹനം, ടെലഫോൺ തുടങ്ങി ദൈനംദിന ആവശ്യങ്ങൾക്കുള്ള തുക പ്രോജക്ട് വഴി അനുവദിക്കുന്നു.

- **ഹേമറ്റോളജി അനലൈസർ** - പ്രസ്തുത ഉപകരണം വാങ്ങുക വഴി ആശുപത്രിയിൽ രോഗികളായി എത്തുന്നവർക്ക് വളരെ കുറഞ്ഞ നിരക്കിൽ കൂടുതൽ പരിശോധനകൾ നടത്തുവാൻ കഴിയുന്നു.

- **വൃക്ക രോഗ നിർണ്ണയം** - ബ്ലോക്ക് പഞ്ചായത്തിൻ കീഴിലെ ജനങ്ങളെ സർവ്വേ നടത്തുകയും ലക്ഷണങ്ങൾ ഉള്ള ആളുകളെ വൃക്ക രോഗ നിർണ്ണയം ക്യാമ്പിൽ പങ്കെടുപ്പിക്കുകയും തുടർ ചികിത്സ നിർദ്ദേശിക്കുകയും ചെയ്തു.

- **ഗുരുതര രോഗം ബാധിച്ചവർക്ക് മരുന്ന് വിതരണം** - കോവിഡ് - 19 രോഗ വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൻ കീഴിലെ നിർദ്ധനാരായ രോഗികൾക്ക് മരുന്ന് വിതരണം നടത്തുകയുണ്ടായി. പ്രസ്തുത പ്രോജക്ട് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് വളരെ ആശ്വാസ പ്രഥമായിരുന്നു.
- **ഫുള്ളി ഓട്ടോമാറ്റിക്ക് ബയോ കെമിസ്ട്രി അനലൈസർ** - പ്രസ്തുത ഉപകരണം വാങ്ങുക വഴി ആശുപത്രിയിൽ രോഗികളായി എത്തുന്നവർക്ക് വളരെ കുറഞ്ഞ നിരക്കിൽ കൂടുതൽ പരിശോധനകൾ കൂടുതൽ സമയം നഷ്ടപ്പെടാതെ നടത്തുവാൻ കഴിയുന്നു.

- **ഇവനിങ് ഒ.പി ജീവനക്കാർക്ക് വേതനം നൽകൽ** - സർക്കാർ ഉത്തരവ് പ്രകാരം ഈ സ്ഥാപനത്തിന്റെ ഒ.പി സമയം വൈകുന്നേരം 6 മണിവരെ ആക്കിയപ്പോൾ, പ്രസ്തുത ഒ.പി നടത്തുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് മുഖേന 3 ജീവനക്കാരെ നിയമിക്കുകയുണ്ടായി. ഒ.പി സമയം ദീർഘിപ്പിച്ചത് വഴി രോഗികൾക്ക് കൂടുതൽ സമയം ചികിത്സ ലഭിക്കുന്ന സാഹചര്യം ഉണ്ടായി.

## പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ

- പകർച്ചവ്യാധികൾ ഉണ്ടായാൽ ആയത് പ്രതിരോധിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും നടപടികൾ തൽസമയം റിപ്പോർട്ട് ചെയ്യുകയും ചെയ്യുകയും ചെയ്യുന്നു.
- എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും പ്രതിരോധ മരുന്ന് വിതരണം ചെയ്യുകയും ചെയ്യുന്നു.
- മലേറിയ രോഗ പ്രതിരോധത്തിനായി ഫീൽഡിൽ നിന്നും രക്ത സാമ്പിളുകൾ ശേഖരിച്ചു പരിശോധിക്കുകയും തുടർ പ്രവർത്തനം നടത്തുകയും ചെയ്യുന്നു.
- പൊതുജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ സംഘടിപ്പിച്ച് അവരെ ബോധവാൻമാരാക്കുന്നു, ഷുഗർ, പ്രഷൻ പരിശോധന ക്യാമ്പുകൾ സംഘടിപ്പികുന്നു. അതിലൂടെ ജീവിത ശൈലി രോഗ നിർണയം നടത്തി തുടക്കത്തിലെ ചികിത്സിക്കാവുന്ന സാഹചര്യം ഒരുക്കുന്നു. ദമ്പതിമാർക്കുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകളും അവർക്കായുള്ള ഗർഭ നിരോധന/ നിയന്ത്രണ മാർഗങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു.
- അന്യ സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച് പരിശോധന നടത്തുകയും, രക്തസാമ്പിൾ ശേഖരണവും നടന്നു വരുന്നു.
- വയറിളക്ക രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ കിണറുകളും സമയബന്ധിതമായി ക്ലോറിനേഷൻ ചെയ്യുന്നു.
- കൊതുകുജന്യ രോഗ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉറവിട നശീകരണ പ്രവർത്തനവും കൊതുകിന്റെ സാന്ദ്രത പഠനവും നടന്നു വരുന്നു.

## പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ

വളയം ഗ്രാമപഞ്ചായത്തിന് കീഴിൽ പഞ്ചായത്തിനുള്ളിലെ കിടപ്പിലായ രോഗികൾക്കായി പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റും, ബ്ലോക്ക് പഞ്ചായത്തിൻ കീഴിലെ കിടപ്പിലായ രോഗികൾക്കായി സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിറ്റും പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി എല്ലാ വർഷവും ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ പ്രൊജക്ടുകൾ വകയിരുക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ആശുപത്രിയിൽ പാലയേറ്റീവ് ഒ.പി നടത്തി വരുന്നു. കിടപ്പിലായ രോഗികൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും നൽകി വരുന്നു. വർഷത്തിലൊരിക്കൽ പാലിയേറ്റീവ് വോളണ്ടിയർസ് ട്രെയിനിങ് നടത്തുകയും അതുവഴി ഗ്രഹ സന്ദർശന ദിവസങ്ങളിൽ വോളണ്ടിയർസ് സേവനം ഉറപ്പു വരുത്തുകയും ചെയ്യുന്നു. പാലിയേറ്റീവ് കുടുംബ സംഗമം വർഷത്തിലൊരിക്കൽ നടത്തി വരുന്നു. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പാലിയേറ്റീവ് മോണിറ്ററിങ് കമ്മിറ്റി (PMC) എല്ലാ മാസവും നടത്തി വരുന്നു.

## ഫിസിയോ തെറാപ്പി യൂണിറ്റ്

തൂണേരി ബ്ലോക്ക് പഞ്ചായത്തിൻ കീഴിലെ കിടപ്പിലായ രോഗികൾക്കായി ഈ സ്ഥാപനത്തിൽ ഫിസിയോ തെറാപ്പി യൂണിറ്റ് പ്രവർത്തിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ആശുപത്രിയിൽ ഫിസിയോ തെറാപ്പി ഒ.പി നടത്തി വരുന്നു. ബാക്കി ദിവസങ്ങളിൽ കിടപ്പിലായ രോഗികളുടെ വീടുകൾ ഗ്രഹ സന്ദർശനം നടത്തി ആവശ്യമായ ഫിസിയോ തെറാപ്പി പരിചരണം നൽകി വരുന്നു.

## മാതൃശിശു സംരക്ഷണ വിഭാഗ പ്രവർത്തനങ്ങൾ

വളയം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ എല്ലാ ബുധനാഴ്ചയും 5 വയസുവരെയുള്ള കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ, വൈറ്റമിൻ എ എന്നിവ നൽകി വരുന്നു. എല്ലാ വ്യാഴാഴ്ചകളിലും ഗർഭിണികൾക്ക് TD വാക്സിൻ നൽകുന്നു. IUCD Incertation ചെയ്യേണ്ടവർക്ക് IUCD insert ചെയ്തു നൽകുന്നു. കൂടാതെ സ്കൂളുകളിലും അംഗനവാടികളിലും ബോധവൽക്കരണ ക്ലാസുകൾ നടന്നു വരുന്നു.

## കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങൾ

വളയം ഗ്രാമപഞ്ചായത്തിൽ കോവിഡ് മഹാമാരി രൂക്ഷമായ സാഹചര്യങ്ങളിൽ ആശുപത്രിയിൽ എല്ലാ ദിവസങ്ങളിലും കോവിഡ് പരിശോധന നടത്തുകയുണ്ടായി. കോവിഡ് രോഗം ബാധിച്ചവർക്ക് ക്വാറന്റൈൻ ഉറപ്പു വരുത്തുകയും അവരുടെ പ്രൈമറി കോണ്ടാക്ടനെ കണ്ടെത്തി ക്വാറന്റൈർ ഉറപ്പു വരുത്തുകയും ചെയ്തു. കൂടാതെ ക്വാറന്റൈനിൽ കഴിയുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാവുകയാണെങ്കിൽ ആംബുലൻസ് സഹായത്തോടെ ട്രീറ്റ്മെന്റ് സെന്ററിലേക്ക് മാറ്റുകയും ഓക്സിജൻ ലെവൽ അറിയുവാൻ പൾസ് ഓക്സി മീറ്റർ നൽകുകയും ചെയ്തു. പോസിറ്റീവ് ആയ രോഗികൾക്ക് ആശമാർ, RRT വോളണ്ടിയർമാർ വഴി മരുന്നുകൾ എത്തിച്ചു നൽകി വരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിലും, ഗ്രാമപഞ്ചായത്ത് തലത്തിലും മൊബൈൽ മെഡിക്കൽ യൂണിറ്റ് (MMU) സംവിധാനം ഒരുക്കുകയും ശാരീരിക ബുദ്ധിമുട്ടുള്ള രോഗികളെ വീട്ടിൽ പോയി പരിചരണം ഉറപ്പ് വരുത്തുകയും ചെയ്തു. കോവിഡ് ബാധയെ തുടർന്ന് മരണപ്പെടുന്നവരുടെ മൃതദേഹം കോവിഡ് മാനദണ്ഡമനുസരിച്ച് സംസ്കരിക്കുവാനുള്ള നിർദ്ദേശങ്ങളും സഹായങ്ങളും നൽകി വരുന്നു.

കോവിഡ് പ്രതിരോധ വാക്സിനേഷൻ എല്ലാ ദിവസങ്ങളിലും ആശുപത്രിയിൽ നിന്നും നൽകി വരുന്നു. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം വളയം ഗവ.ഹയർ സെക്കന്ററി സ്കൂളിൽ മെഗാവാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

# അധ്യായം –1

# 1996 –ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

## അടിസ്ഥാന വിവരങ്ങൾ – 2021

### 1. ജീവനക്കാർ

| | | സ്ഥിരം | താല്കാലികം | ആകെ |
|---|---|---|---|---|
| 1. | തദ്ദേശ സ്വയം ഭരണ ഓഫീസ് | 15 | 6 | 21 |
| 2. | ഘടക സ്ഥാപനങ്ങൾ | 70 | 8 | 78 |
| 3. | മറ്റ് സ്ഥാപനങ്ങൾ സർക്കാർ | 210 | 65 | 275 |

### 2. ഗ്രാമ പഞ്ചായത്തിലെ സ്ഥാപനങ്ങൾ

| | | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | കൃഷിഭവൻ | 4 |
| 2.. | വെറ്റിനറി ഡിസ്പെൻസറി | 4 |
| 3. | പ്രൈമറി ഹെൽത്ത് സെന്റർ | 47 |
| 4. | ഹോമിയോ ഡിസ്പെൻസറി | 4 |
| 5. | ആയുർവ്വേദ ഡിസ്പെൻസറി | 4 |
| 6. | എ.ഇ | 5 |
| 7. | വി.ഇ.ഒ ഓഫീസ് | 1 |
| 8. | പഞ്ചായത്ത് ഓഫീസ് | 15 |
| 9. | വളയം യു.പി സ്കൂൾ | 26 |
| 10. | നോർത്ത് യു.പി സ്കൂൾ | 2 |
| 11. | ഗവ.എൽ.പി സ്കൂൾ ചുഴലി | 9 |
| 12. | കുയ്തേരി എം എൽ പി സ്കൂൾ | 4 |
| 13. | പൂവ്വം വയൽ എൽ പി സ്കൂൾ | 6 |
| 14. | ചാലിയാട്ട് പൊയിൽ എൽ.പി സ്കൂൾ | 3 |
| 15. | വളയം എം എൽ പി സ്കൂൾ | 8 |
| 16. | ചെറുമോത്ത് എം എൽ പി സ്കൂൾ | 12 |
| 17. | ചെറുമോത്ത് എൽ.പി സ്കൂൾ | 5 |
| 18. | കേരള ഗ്രാമീണ ബേങ്ക് | 4 |

| | | |
|---|---|---|
| 19. | വളയം പോലീസ് സ്റ്റേഷൻ | 51 |
| 20. | ഗവ: ഹൈസ്കൂൾ, വളയം | 34 |
| 21. | മാവേലി സ്റ്റോർ | 2 |
| 22. | സർവ്വീസ് സഹകരണ ബേങ്ക് | 2 |
| 23. | വളയം പോസ്റ്റ് ഓഫീസ് | 5 |
| 24. | ചെറുമോത്ത് പോസ്റ്റ് ഓഫീസ് | 2 |
| 25. | ചുഴലി പോസ്റ്റ് ഓഫീസ് | 2 |
| 26. | കല്ലുനിര പോസ്റ്റ് ഓഫീസ് | 3 |
| 27. | വളയം ജി.എച്ച്.എസ്.എസ് | 22 |
| 28. | വില്ലേജ് ഓഫീസ് | 4 |
| 29. | കെ.എ.പി 6-ാം വറ്റാലിയൻ | 47 |
| 30. | സ്പെഷൽ എഡ്യുക്കേഷൻ ആർമി | 1 |

## 3. വിഭവ സമാഹരണം

1. പഞ്ചായത്തിന്റെ തനതു വരവ് ചെലവ് കണക്കുകൾ പരിശോധിച്ചാൽ 1996 - ലെ അവസ്ഥയിൽ നിന്നും വലിയ പുരോഗതി 2021 വർഷത്തിലും നേടാൻ കഴിഞ്ഞിട്ടില്ലെന്ന് കാണാവുന്നതാണ്. ഏറ്റെടുക്കേണ്ടി വരുന്ന ചെലവുകൾക്കനുസൃതമായി തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ ഈ കാലയളവിൽ പ്ലാൻ ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റുകൾ, തൊഴിലുറപ്പ് പദ്ധതി വിഹിതം എന്നീ ഇനങ്ങളിലായി വലിയ തുക ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഗ്രാന്റാം, കെട്ടിട നികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ എന്നീ ഇനങ്ങളിലുള്ള തനതു വരുമാവുമാണ് പഞ്ചായത്തിന്റെ വരുമാന മാർഗ്ഗം.

### വരവിനം

പട്ടിക 1,2

നിലവിലുള്ള നികുതികൾ ശാസ്ത്രീയമായി പുന:ക്രമീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. അനധികൃത കെട്ടിടങ്ങളും കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിട ഭാഗങ്ങളും കണ്ടെത്തി നികുതിക്ക് വിധേയമാക്കേണ്ടതാണ്. എല്ലാ കച്ചവട - വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് വിധേയരാക്കേണ്ടതാണ്. നിയമപരമായി തൊഴിൽ നികുതി അടവാക്കേണ്ട വിഭാഗങ്ങളേയെല്ലാം നികുതികളുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ടൂറിസം മേഖലയിൽ സ്വകാര്യ സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

# അധ്യായം – 5

## സംയോജന സാധ്യതകൾ

ഗ്രാമപഞ്ചായത്തിന്റെ തനതു വിഭവ സ്രോതസ്സുകൾ അപര്യാപ്തമായി സാഹചര്യത്തിൽ പൊതു ഭരണ മേഖലയിലെ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിന് സർക്കാർ സഹായവും എം.പി, എം.എൽ.എ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാനാവിഷ്കൃത പദ്ധതി സഹായവും ഉപയോഗപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. ശുചിത്വ മേഖലയിൽ ശുചിത്വമിഷൻ മുഖേനയുള്ള പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കാവുന്നതാണ്.

# അധ്യായം – 1

# സാമൂഹ്യ നീതി

## 1996 – ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

സാമൂഹ്യ നീതി രംഗത്ത് വളയം ഗ്രാമപഞ്ചായത്ത് വളരെയേറെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുക വഴി ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസം പ്രത്സാഹിപ്പിക്കുകയും കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ആദ്യമൊക്ക ഭിന്നശേഷിക്കാരായ കുട്ടികൾ വീടിന് പുറത്തിറങ്ങാതെ കഴിയുകയായിരുന്നു. ഭിന്നശേഷികാർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുക വഴി ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പു വരുത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് യാത്ര ബത്ത, വസ്ത്രങ്ങൾക്കുള്ള ബത്ത, വിനോദ സഞ്ചാര യാത്ര അലവൻസ് എന്നിവ അനുവദിക്കുന്നുണ്ട്.

ആദ്യകാലത്ത് 60വയസ്സ് കഴിഞ്ഞ വയോജനങ്ങൾ വീട്ടിൽ പകൽ സമയങ്ങളിൽ ഒറ്റയ്ക്ക് കഴിയുകയായിരുന്നു. അവർക്ക് അവരുടെ പ്രശ്നങ്ങൾ പങ്കിടാനോ വിനോദങ്ങളിൽ ഏർപ്പെടാനോ ഉള്ള സൗകര്യങ്ങൾ ഇല്ലായിരുന്നു. എന്നാൽ ഇപ്പോൾ വയോജന പകൽ വിശ്രമകേന്ദ്രം എന്ന പദ്ധതി നടപ്പിലാക്കുക വഴി വയോജനങ്ങൾക്ക് അവരുടെ സമയം ഉല്ലാസഭരിതമാക്കാനും മറ്റ് വയോജനങ്ങളുടെ കൂടെ കഴിയുവാനും ഉള്ള സൗകര്യം ഉണ്ടാക്കുക വഴി വയോജന ക്ഷേമം ഉറപ്പു വരുത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

‘‘വയോജനങ്ങൾക്ക് കട്ടിൽ ’’ എന്ന പദ്ധതി വഴി കിടപ്പിലായതും അശരണരായതുമായ വയോജനങ്ങൾക്ക് കട്ടിൽ നൽകുക വഴി വയോജന ക്ഷേമം ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടുണ്ട്.

## 25 വർഷത്തെ വിലയിരുത്തൽ

വളയം ഗ്രാമപഞ്ചായത്ത് 25 വർഷ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ സാമൂഹ്യ നീതി രംഗത്ത് വളരെയേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഭിന്നശേഷി വിഭാഗമായാലും , വയോജന രംഗത്തായാലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഭിന്നശേഷി സ്കോളർഷിപ്പ്, ഭിന്നശേഷി ഉപകരണങ്ങൾ വിതരണം ചെയ്യൽ, വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യൽ എന്നിവ വഴി ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും ക്ഷേമം ഉറപ്പു വരുത്തിയിട്ടുണ്ട്. വയോജന പകൽ വിശ്രമകേന്ദ്രം എന്ന പദ്ധതി വയോജനങ്ങൾ ജീവിതത്തിൽ ഒറ്റപ്പെടലുകൾ അനുഭവിക്കുന്നത് ഇല്ലാതാക്കാനും, വയോജനങ്ങൾക്ക് അവരുടെ കഴിവുകൾ തെളിയിക്കുന്നതിനുള്ള വേദി ഒരുക്കാനും സഹായിച്ചിട്ടുണ്ട്. ഈ പദ്ധതികൾ വഴി വയോജന സൗഹൃദ പഞ്ചായത്ത്, ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് എന്നിവ സാധ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

# അധ്യായം – 1

# വനിതാ – ശിശു വികസനം

## 1996 – ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

വളയം ഗ്രാമപഞ്ചായത്തിൽ ആരംഭത്തിൽ 17 അങ്കണവാടികളാണ് ഉണ്ടായിരുന്നത്. പിന്നെ 2 അങ്കണവാടികൾ കൂടി വന്നു. താല്കാലിക ഷെഡിലായിരുന്നു അങ്കണവാടികൾ പ്രവർത്തിച്ചിരുന്നത്. പിന്നെ എല്ലാ അങ്കണവാടികൾക്കും സ്ഥലം കിട്ടി. സ്ഥലം കിട്ടിയ അങ്കണവാടികൾക്കെല്ലാം പഞ്ചായത്ത് ഫണ്ട് വെച്ച് കെട്ടിടങ്ങൾ നിർമ്മിച്ചു. ആദ്യമൊക്കെ അടുക്കളയും ഒരു ഹാളും ടോയിലറ്റും ഉള്ള കെട്ടിടങ്ങളാണ് ഉണ്ടായിരുന്നത്. പിന്നെ ടൈൽസ്, ചുറ്റുമതിൽ, ഷീറ്റ് എന്നിവ ഉണ്ടാക്കുകയും അങ്കണവാടികളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. അങ്കണവാടികൾ വഴി കുട്ടികൾ, അമ്മമാർ, ഗർഭിണികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് ഭക്ഷണ വിതരണം നടത്തി. അതുവഴി പോഷകാഹാര കുറവ്, ശിശുമരണം, മാതൃമരണം എന്നിവയുടെ തോത് കുറയ്ക്കാൻ കഴിഞ്ഞു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുള്ള ക്ലാസുകൾ വഴിയും, അമ്മമാരുടെ മീറ്റിംങ്ങിൽ കൂടിയും വനിതകൾക്ക് നല്ല രീതിയിൽ ബോധവൽക്കരണം നടത്താനും അതുവഴി വനിതാ രംഗത്ത് വളരെയേറെ മാറ്റങ്ങൾ വരുത്താനും കഴിഞ്ഞിട്ടുണ്ട്. അങ്കണവാടികളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്ത് വർഷം തോറും ഫണ്ട് വകയിരുത്തുകയും മെച്ചപ്പെട്ട രീതിയിലുള്ള കെട്ടിടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ സ്വന്തം കെട്ടിടമുള്ള 17 അങ്കണവാടികളിൽ 12 അങ്കണവാടി കെട്ടിടങ്ങളും ക്രാഡിൽ അങ്കണവാടി കെട്ടിടങ്ങളാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വനിതാ രംഗത്ത് വളരെയേറെ മാറ്റങ്ങൾ വരുത്താൻ വേണ്ടി വളയം ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ആദ്യമൊക്കെ സ്ത്രീകൾ വീട്ടിൽ തന്നെ കഴിയുകയായിരുന്നു. പിന്നെ കുടുംബശ്രീ മുഖേന സ്ത്രീകൾ സ്വയം തൊഴിൽ ആരംഭിക്കുകും സ്വന്തമായി വരുമാനം കണ്ടെത്തുകയും ചെയ്യുന്നു. സമൂഹത്തിന്റെ പാതയിൽ ഒറ്റയ്ക്കിറങ്ങാത്ത സ്ത്രീകൾ ഇപ്പോൾ സ്വന്തമായി സംരംഭങ്ങൾ തുടങ്ങുകയും മുൻനിരയിൽ എത്തുകയും ചെയ്യ്തിട്ടുണ്ട്. വനിതാഘടക പദ്ധതി വഴി സ്ത്രീകൾക്ക് വളരെയേറെ പുരോഗതി പ്രാപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യ രംഗത്ത് സ്ത്രീകളും കുട്ടികളും വളരെയേറെ മുന്നേറിയിട്ടുണ്ട്. ഗർഭിണികൾക്കും കുട്ടികൾക്കും അമ്മമാർക്കും അങ്കണവാടി പോഷകാഹാരം നൽകുക വഴി ആരോഗ്യ പോഷക നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

# വനിതകളുടെയും കുട്ടികളുടെയും വികസനം

## 25 വർഷത്തെ വിലയിരുത്തൽ

25 വർഷകാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിൽ വളരെയേറെ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. ജനനം മുതൽ 6 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെയും, സ്ത്രീകളുടെയും, കൗമാര പ്രായക്കാരായ പെൺകുട്ടികളുടെയും പോഷക ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുവാനും ശിശുക്കളുടെ ശരിയായ മാനസിക ശാരീരിക സാമൂഹ്യ വികസനത്തിന് ആവശ്യമായ അടിത്തറ പാകാനും, ശിശു മരണം, മാതൃ മരണം, രോഗാവസ്ഥ പോഷക ദാരിദ്രം എന്നിവ സംഭവിക്കുന്നത് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

തൊഴിൽ രംഗത്ത് സ്ത്രീകൾ വളരെയേറെ മുന്നേറിയിട്ടുണ്ട്. തൊഴിൽ സംരംഭകങ്ങൾ ആരംഭിക്കുക വഴി സ്ത്രീകൾക്ക് സ്വന്തമായി വരുമാനമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. വനിതാ ഘടക പദ്ധതികൾ സ്ത്രീകളുടെ ഉന്നമനത്തിന് വളരെയേറെ സഹായിച്ചിട്ടുണ്ട്. ജെന്റർ റിസോർസ് സെന്റർ പദ്ധതി സ്ത്രീകളുടെ മാനസിക പരമായ വളർച്ചയിൽ സഹായിച്ചിട്ടുണ്ട്. ജാഗ്രതാ സമിതി ശാക്തീകരണം എന്ന പദ്ധതി സ്ത്രീകളുടെ പ്രശ്നങ്ങൾ, സ്ത്രീകൾ അനുഭവിക്കുന്ന പീഢനങ്ങൾ എന്നിവ ഇല്ലാതാക്കാൻ സഹായിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ 25 വർഷ കാലയളവിൽ പഞ്ചായത്ത് ആസൂത്രണം ചെയ്ത വനിതാ ഘടക പദ്ധതികൾ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ഉറപ്പു വരുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. സ്ത്രീ സൗഹൃദ, ശിശു സൗഹൃദ പഞ്ചായത്തായി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്.

# അധ്യായം – 1

# പട്ടിക വർഗ്ഗ വികസനം

## 1996 – ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

ഏകദേശം 550 വർഷങ്ങൾക്ക് മുമ്പ് തന്നെ വളയം ഗ്രാമ പഞ്ചായത്തിൽ കല്ലുനിരക്കടുത്ത് അടൂർക്കാവിൽ ആദിവാസി സംസ്ക്കാരം രൂപപ്പെട്ടിരുന്നു എന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്. 1996-ൽ 59 പട്ടിക വർഗ്ഗ വീടുകളായിരുന്നു ഉണ്ടായിരുന്നത്. ഇത് മലയോര വാർഡായ 4-ാം വാർഡിലെ പുഞ്ച, വള്ള്യാട്, കുസിൻ വളപ്പിൽ, കണി വാതുക്കൽ എന്നിവിടങ്ങളിലാണ്. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്നതെന്ന് പറയപ്പെടുന്നു.

**ST കുടുംബങ്ങളുടെ കണക്ക് ചുവടെ കൊടുക്കുന്നു.**

| | 1991 | 2011 |
|---|---|---|
| പട്ടിക വർഗ്ഗ ജനസംഖ്യ | 214 | 226 |
| പുരുഷന്മാർ | 108 | 111 |
| സ്ത്രീകൾ | 106 | 115 |

## 2021 – ലെ പട്ടക വർഗ്ഗ കോളനികൾ

1. കണിവാതുക്കൽ
2. എടപ്പക്കാവ്
3. വക്യാട്
4. കുഞ്ഞിൻ വളപ്പിൽ

# അധ്യായം – 2

## കഴിഞ്ഞ 25 വർഷത്തെ വിലയിരുത്തൽ

കഴിഞ്ഞ 25 വർഷത്തെ ആസൂത്രിതമായ ഇടപെടലിലൂടെ ഈ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും കുടിവെള്ളം, തെരുവ് വിളക്ക്, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ, കാര്യമായ പുരോഗതി ഇനിയും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഇവർക്ക് കഴിയുന്നില്ല.

മുൻകാലങ്ങളിൽ ഈ വിഭാഗങ്ങളിൽ ഭൂരിഭാഗം പേരും നിരക്ഷരരായിരുന്നു എങ്കിൽ ഇന്ന് അത് പൂർണ്ണമായും മാറിയിട്ടുണ്ട്. പട്ടിക വർഗ്ഗ ഊരുകളിൽ നിന്നും വളയം ടൗണിലുള്ള സ്കൂളുകളിലേക്ക് കുട്ടികളെ എത്തിക്കുന്നതിന് ഗോത്രസാരഥി പദ്ധതിയിലൂടെ കഴിയുന്നു. എങ്കിലും ഉപരിപഠന സൗകര്യം വളരെ കുറവാണ് എന്ന് പറയാതിരിക്കുവാൻ വയ്യ.

മുൻകാലങ്ങളിൽ കാർഷിക മേഖലയെ മാത്രമെ ആശ്രയിച്ചിട്ടുള്ള ജീവിതം ആയിരുന്നു എങ്കിൽ ഇന്ന് അത് മാറിയിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരും, മറ്റ് തൊഴിലുകളിലും ഏർപ്പെടുന്ന ഒരുപാട് പേർ ഇന്ന് ഊരുകളിലുണ്ട്.

പാർപ്പിട സൗകര്യം, തെരുവ് വിളക്ക്, കുടിവെള്ളം എന്നീ മേഖലകളിൽ കൂടി പുതിയ സാധ്യതകൾ ഏർപ്പെടുത്തി പദ്ധതികൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്.

# അധ്യായം – 2

# പട്ടിക ജാതി വികസനം

## 1996 – ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

മലയോര ഗ്രാമം ആയതു കൊണ്ട് തന്നെ വളയം ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗം ഏറെ ചൂക്ഷണത്തിന് വിധേയമായിരുന്നു. കുടിയായ്മ വ്യവസ്ഥയിൽ നിന്നും ജനകീയാസൂത്രണത്തോടെ ഈ വിഭാഗത്തിന് പുരോഗതി ഉണ്ടായെങ്കിലും വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നു തന്നെ പറയേണ്ടി വരും.

| | 1991 | 2021 |
|---|---|---|
| പട്ടിക വർഗ്ഗ ജനസംഖ്യ | 237 | 226 |
| പുരുഷന്മാർ | 111 | 113 |
| സ്ത്രീകൾ | 126 | 113 |

# കഴിഞ്ഞ 25 വർഷത്തെ വിലയിരുത്തൽ

199 - ൽ 237 പേരായിരുന്നു പട്ടിക ജാതി വിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്നത് എങ്കിൽ 2011-ൽ ഇത് 226 പേരായി വർദ്ധിച്ചു. അന്നത്തെ പ്രധാന പ്രശ്നം പാർപ്പിടം, ശൗചാലയങ്ങൾ, കുടിവെള്ളം, വൈദ്യുതി, പരമ്പരാഗത തൊഴിൽ മേഖലയുടെ സംരക്ഷണം, ആരോഗ്യ വിദ്യാഭ്യാസ അംഗങ്ങൾ മെച്ചപ്പെടുത്തുക എന്നിവയായിരുന്നു. കഴിഞ്ഞ 25 വർഷത്തെ ആസൂത്രിതമായ ഇടപെടലുകളുടെ ഫലമായി ഈ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടായെങ്കിലും പര്യാപ്തമായ രീതിയിൽ ആണ് എന്ന് പറയാൻ കഴിയില്ല. സർക്കാർ നടപ്പാക്കി വരുന്ന വിവിധ ഭവന പദ്ധതികളിലൂടെ വാസയോഗ്യമായ വീട് എന്നത് ഭൂരിഭാഗത്തിനും യാഥാർത്ഥ്യമായിട്ടുണ്ട്. തൊഴിൽ മേഖലയിൽ സ്വയം പര്യാപ്തത വന്നിട്ടില്ല. ആവശ്യത്തിന് കുടിവെള്ള ലഭ്യത ചില പ്രദേശങ്ങളിൽ ഇനിയും ലഭ്യമാക്കേണ്ടതുണ്ട്. സ്വയം തൊഴിൽ, മറ്റ് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ ഈ വിഭാഗത്തിൽ ഇന്നും കുറവാണ്. ആധുനിക കാലത്തെ തൊഴിൽ ആവശ്യപ്പെടുന്ന അറിവും സാങ്കേതിക വിദ്യയും സ്വായത്തമാക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ പരിശീലന സൗകര്യങ്ങൾ നൽകി പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ പുതു തലമുറയെ പ്രാപ്തരാക്കേണ്ടതുണ്ട്.

# അധ്യായം – 5

## സംയോജന സാധ്യതകൾ

പഞ്ചായത്തിന്റെ തനതു വരുമാനം കുറവാണ്. പട്ടികജാതി പ്രത്യേക പദ്ധതികളും ഇതര തദ്ദേശ ഫണ്ടുകൾ സംസ്ഥാന കേന്ദ്രാവിഷ്ക്കൃത ഫണ്ടുകൾ എന്നിവയും ഈ മേഖലയുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

മാതൃകാ കോളനികൾ എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാൻ എം.എൽ.എ, എം.പി ഫണ്ടുകളും സ്പെഷ്യൽ ഫണ്ടുകളും ലഭ്യമാക്കാവുന്നതാണ്.

# അധ്യായം –

# പ്രാദേശിക സാമ്പത്തിക വികസനം

## 1996 – ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

പ്രാദേശീക സാമ്പത്തിക വികസന രംഗത്ത് കഴിഞ്ഞ കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുമ്പോൾ കാര്യമായ പുരോഗതി ഈ രംഗത്ത് കൈവരിക്കാനായിട്ടില്ല എന്നാണ് വ്യക്തമാവുന്നത്.

## അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിന്റെ നിലവിൽ പ്രവർത്തിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങളുടെ ലിസ്റ്റ്

(കുടുംബശ്രീ വഴി സഹായം നൽകിയ സംരംഭം)

(കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സനിൽ നിന്നും ലഭിച്ച വിവരങ്ങൾ)

1. വിക്ടറി ഫ്ളോർമിൽ
2. ആദ്രയ ടീഷോപ്പ്
3. ഫ്രണ്ട്സ് ഓട്ടോ സ്പെയർ പാർട്സ്
4. തനിമ ടൈലറിംഗ് യൂണിറ്റ്
5. ഇൻഡക്സ് ടൈലറിംഗ് യൂണിറ്റ്
6. അക്സ പലഹാര യൂണിറ്റ്
7. ദിയ ആഷിക് ടൈലറിംഗ് യൂണിറ്റ്
8. ലക്ഷ്യ തുണി സഞ്ചി യൂണിറ്റ്
9. നന്മ ജനകീയ ഹോട്ടൽ
10. ഐവ ടൈലറിംഗ് യൂണിറ്റ്
11. തൃപ്തി ഹോട്ടൽ
12. ഫാമിലി സോപ്പ് നിർമ്മാണ യൂണിറ്റ്
13. മയൂഖ ബ്യൂട്ടി പാർലർ
14. ഫ്ളവേഴ്സ് പൂച്ചട്ടി നിർമ്മാണ യൂണിറ്റ്
15. മയൂഖ ടൈലറിങ്ങ് യൂണിറ്റ്

വളയം ഗ്രാമപഞ്ചായത്തിൽ നിലവിൽ അവിൽ നിർമ്മാണ യൂണിറ്റ്, ഖാദി നെയ്ത്തു കേന്ദ്രം, സ്റ്റീൽ ഫർണിച്ചർ, നിർമ്മാണ യൂണിറ്റ്, ചെറുകിട വ്യവസായം - മരമില്ല്, വെളിച്ചെണ്ണ മില്ല്, നിരവധി ഫ്ളോർമില്ലുകൾ എന്നിവ വ്യക്തികൾ സ്വന്തമായി സ്ഥാപിച്ച് പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പദ്ധതി പ്രകാരം നിരവധി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. എങ്കിലും പല പദ്ധതികളും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.

# പ്രാദേശിക സാമ്പത്തിക വികസനം

## 25 വർഷത്തെ വിലയിരുത്തൽ നേട്ടങ്ങളും കോട്ടങ്ങളും

പ്രാദേശീക സാമ്പത്തിക വികസന രംഗത്ത് കഴിഞ്ഞ കാലഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുമ്പോൾ കാര്യമായ പുരോഗതി ഇല്ല എന്നുള്ളതാണ് വസ്തുത. കുടുംബശ്രീയുടെ സഹായത്തോടെ പ്രവൃത്തിക്കുന്ന കുറച്ച് ഗ്രൂപ്പ് സംരംഭങ്ങളും ഹോം ഷോപ്പുകളുമാണ് നിലവിലുള്ളത്.

വളയം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ പൊതുവായി കാർഷിക മേഖലയെ ആശ്രയിച്ചാണ് ജീവിതമാർഗ്ഗം. ഫ്ളോർമിൽ, ബേക്കറി നിർമ്മാണ യൂണിറ്റ്, ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ്, അവീതി നിർമ്മാണ യൂണിറ്റ്. സ്റ്റീതി ഫർണിച്ചർ നിർമ്മാണ യൂണിറ്റ് etc മുതലായവ വ്യക്തികൾ സ്വന്തമായി ആരംഭിച്ചിട്ടുള്ള യൂണിറ്റുകൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്.

തൊഴിൽ പദ്ധതികൾ ഇല്ലാത്തതല്ല. മറിച്ച് ഈ മേഖലയിലേക്ക് പുതുതലമുറ കടന്നുവരാത്തതാണ് കാതലായ പ്രശ്നം. പുതുതലമുറയ്ക്ക് തൊഴിൽ മേഖലയിൽ ആവശ്യമായ നൈപുണ്യങ്ങൾ പകർന്നു കൊടുത്തും (വിവിധ സർക്കാർ പരിശീലന കേന്ദ്രം വഴി) മറ്റും പ്രോത്സാഹനങ്ങൾ നൽകി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത സംരംഭങ്ങളും ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

# അധ്യായം – 1

# ദാരിദ്ര്യ ലഘൂകരണം

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

**പാർപ്പിടം** : I

1996 ൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ 9 വാർഡുകളാണുണ്ടായിരുന്നത്. 1991-ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 16705 ഉം വീടുകൾ 2976 മാണ്. നിലവിൽ 14 വാർഡുകളാണുള്ളത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യ 18374. ആകെ വീടുകളുടെ എണ്ണം 4670.

**ഗ്രാമപഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം**

**1996 – ലെ വികസന രേഖയിലെ 70–ാം പേജിൽ പ്രതിപാദിക്കുന്നത്. താഴെ വിവരിക്കും പ്രകാരമാണ്.**

| ആകെ വാർഡ് | ആകെ കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല |
|---|---|---|---|---|
| 9 | 4164 | 516 | 1741 | 1907 |

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017 - 2022 സ്റ്റാറ്റസ് റിപ്പോർട്ട് 2021-22 പ്രകാരം ആകെ വീടുകളുടെ എണ്ണം.

(7-ാം പേജിൽ പ്രതിപാദിക്കുന്നത്)

| ആകെ വാർഡ് എണ്ണം | ആകെ വീടുകളുടെ വീടുകൾ | കോൺക്രീറ്റ് വീടുകൾ | ഓല, ഷീറ്റ് വീട് | ഓട് വീട് | മറ്റുള്ളവ |
|---|---|---|---|---|---|
| 14 | 4670 | 2314 | 203 | 1459 | 296 |

നിലവിൽ 5778 വീടുകൾ ഉണ്ട് എന്ന് സഞ്ചയ ലോഗിൻ നിന്നും അറിവായിട്ടുണ്ട്.

ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ ഭാഗമായി 2021 ഓടു കൂടി 545 വീടുകൾ പുതുതായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. (ആശ്രയ പദ്ധതി വീടുകൾ ഭവന പദ്ധതി ഭവന പദ്ധതി, IAY, PMAY പദ്ധതി ഉൾപ്പെടെ) ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 98 വീടുകൾ പുനരുദ്ധാരണം നടത്തി വാസയോഗ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ആശ്രയ ഗുണഭോക്താക്കളാക്കളായി 135 പേരാണുള്ളത്. പതിമൂന്നാം പദ്ധതി കാലത്ത് 119 വീടുകൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു.

**1991 ലെ സെൻസസ് പ്രകാരം പട്ടികജാതി ജനസംഖ്യ**

| | |
|---|---|
| പുരുഷന്മാർ | 111 |
| സ്ത്രീകൾ | 126 |
| **ആകെ** | **237** |

(അനുബന്ധം 1996 വികസന രേഖയിലെ 70 -ാം പേജ് )

**2011 ലെ സെൻസസ് പ്രകാരം പട്ടികജാതി ജനസംഖ്യ**

| | |
|---|---|
| പുരുഷന്മാർ | 128 |
| സ്ത്രീകൾ | 124 |
| **ആകെ** | **252** |

**1991 ലെ സെൻസസ് പ്രകാരം പട്ടികവർഗ്ഗ ജനസംഖ്യ**

| | |
|---|---|
| പുരുഷന്മാർ | 108 |
| സ്ത്രീകൾ | 106 |
| **ആകെ** | **214** |

(1996 -ലെ വികസന രേഖ 70-ാം പേജ്)

**2011 ലെ സെൻസസ് പ്രകാരം പട്ടികവർഗ്ഗ ജനസംഖ്യ**

| | |
|---|---|
| പുരുഷന്മാർ | 109 |
| സ്ത്രീകൾ | 127 |
| **ആകെ** | **236** |

## കുടുംബശ്രീ II

സമഗ്ര ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയായ കുടുംബശ്രീ വ്യക്തിഗത സംരംഭങ്ങളും കൂട്ടു സംരംഭങ്ങളും ആരംഭിച്ച് സ്ത്രീകളുടെ കരുത്തുറ്റ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അനവധി കുടുംബങ്ങൾ അംഗങ്ങളാണ്.

ഓരോപഞ്ചവത്സര പദ്ധതി കാലയളവിലും ബാങ്ക് ലിങ്കേജ് ലോണിൽ കുടുംബശ്രീയ്ക്ക് വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ കൂട്ടു സംരംഭങ്ങളുടെയും വ്യക്തിഗത സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

ടൈലറിങ്ങ് യൂണിറ്റ്, ജനകീയ ഹോട്ടൽ എന്നിവ ഉദാഹരണങ്ങളാണ്. കുടുംബശ്രീ അംഗങ്ങൾ ഹരിത കർമ്മ സേനാങ്കങ്ങളായി മാലിന്യ നിർമ്മാർജന രംഗത്ത് പ്രവൃത്തിക്കുന്നുണ്ട്.

# അധ്യായം : II

# 25 വർഷത്തെ വിലയിരുത്തൽ

## നേട്ടങ്ങളും കോട്ടങ്ങളും വികസന വിടവുകളും

ഒൻപതാം പഞ്ചവത്സര കാലത്ത് ഉണ്ടായിരുന്ന ഓല വീടുകളും മറ്റും ഉണ്ടായ സ്ഥാനത്ത് ഇന്ന് അവയെല്ലാം അപ്രത്യക്ഷമായെന്നു മാത്രമല്ല പുതിയ കോൺക്രീറ്റ് വീടുകളും ഓട് വീടുകളും നിർമ്മിക്കപ്പെട്ടു എന്നുള്ളത് വലിയ മാറ്റമാണ്. 1996 നു ശേഷം വിവിധ പദ്ധതികളിലായി 545 പുതിയ വീടുകൾ നിർമ്മിച്ചു. 4164 വീടുകളുള്ള സ്ഥാനത്ത് ഇപ്പോൾ 5778 വീടുകളുണ്ടായി. പതിമൂന്നാം പഞ്ചവത്സരക്കാലത്ത് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 119 വീടുകൾ പൂർത്തിയാക്കി.

## പോരായ്മകൾ

നിലവിൽ ഭൂമിയുള്ള ഭവന രഹിതരായിട്ടുള്ളവർക്ക് ഇനിയും ഭവന നിർമ്മാണം ലൈഫ് 2020 സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത്തരക്കാർക്ക് ഭവന നിർമ്മാണത്തിന് പദ്ധതി ആവശ്യമാണ്. വാസയോഗ്യമല്ലാത്ത ഭവന രീതി താമസിക്കുന്നവരായ കുടുംബങ്ങൾ നമ്മുടെ ഗ്രാമ പഞ്ചായത്തിലുണ്ട്. ഇത്തരക്കാരുടെ ഭവനങ്ങൾ വാസയോഗ്യമാക്കേണ്ടതുണ്ട്. കിണറുകളുടെ ആൾമറ കെട്ടാത്ത (ശുചിത്വ കിണറില്ലാത്ത) കുടുംബങ്ങൾ ധാരാളമുണ്ട്. ഇത്തരക്കാരുടെ കിണറുകൾ ശുചിത്വ കിണറുകളാക്കേണ്ടിയിരിക്കുന്നുണ്ട്.

# അധ്യായം : I

# വിദ്യാഭ്യാസം, കല, സംസ്കാരം, കായ്ക വികസനം

## 1996 – ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1996 -ൽ ജനകീയ ആസൂത്രണത്തിന് തുടക്കം കുറിച്ച ശേഷമുള്ള രണ്ടര ദശകക്കാലം കേരളത്തിലെ വിദ്യാഭ്യാസ കല- സാംസ്കാരിക യുവജനക്ഷേമ. കായിക രംഗത്ത് സമഗ്രമായ നിരവധി മാറ്റങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രതിഫലനങ്ങൾ മലയോര ഗ്രാമമായ വളയം ഗ്രാമപഞ്ചായത്തിലും കാണാൻ കഴിയും. മുൻകാല അവസ്ഥയും ഇന്നത്തെ അവസ്ഥയും തമ്മിലുള്ള ഒരു താരതമ്യമാണ് ഈ അധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഗുരുക്കന്മാരുടെ കീഴിൽ നടത്തി വന്നിരുന്ന എഴുത്തു പള്ളികൂടങ്ങൾ മുഖേനയാണ് ആദ്യകാല വിദ്യാഭ്യാസം ഈ ഗ്രാമത്തിൽ ലഭ്യമാവാൻ തുടങ്ങിയത്. ചെക്കോറ്റ, അരയാക്കണ്ടി തുടങ്ങിയ സ്ഥലങ്ങളിൽ ഗുരുക്കന്മാർ നടത്തി വന്നിരുന്ന എഴുത്തു പള്ളികൂടങ്ങൾ പ്രവർത്തിച്ചിരുന്നു. 1920 മുതൽക്കാണ് സ്കൂളുകൾ പ്രവർത്തിച്ചു വന്നത്. നിലവിൽ 2 ഗവൺമെന്റ് സ്കൂളുകളും 8 എയിഡഡ് സ്കൂളുകളും ഒരു ITI യും , IHSS ഉം ആണ് ഉള്ളത്.

## ഈ ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ

| | | | |
|---|---|---|---|
| 1. | ചെറുമോത്ത് എൽ.പി | - | 1920 |
| 2. | വളയം എൽ.പി | - | 1921 |
| 3. | കുയ്തേരി എം.എൽ.പി | - | 1923 |
| 4. | ചെറുമോത്ത് എം.എൽ.പി | - | 1925 |
| 5. | വളയം എം.എൽ.പി | - | 1927 |
| 6. | വളയം നോർത്ത് എൽ.പി | - | 1942 |
| 7. | ചാലിയാട് പൊയിൽ എം.എൽ.പി | - | 1957 |
| 8. | പൂവ്വം വയൽ എൽ.പി | - | 1957 |
| 9. | ജി.എച്ച്.എസ്.എസ് വളയം | - | 1957 |
| 10. | ഗവ.എൽ.പി ചുഴലി | - | 1984 |

ഇവ കൂടാതെ സരസ്വതി വിദ്യാനികേതൻ, മോഡേൺ എന്നീ പേരുകളിൽ രണ്ട് അൺ എയ്ഡഡ് സ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. അക്കാദമിക സൗകര്യങ്ങളുടെ കാര്യത്തിൽ 1996 - ൽ നിന്ന് 2022 - ൽ എത്തുമ്പോഴേക്ക് ഒരു കുതിച്ച് ചാട്ടം തന്നെ ഉണ്ടായതായി കാണാം. ഇന്ന് മിക്കവാറും സ്കൂളുകൾക്ക് പഠനോപകരണങ്ങളും, ലാപ്ടോപ്പുകളും, സ്മാർട്ട് ക്ലാസ് റൂമുകളും കമ്പ്യൂട്ടർ ലാബുകളുമുണ്ട്. സ്കൂളുകളുടെ ഭൗതീക സൗകര്യങ്ങളിലും ഏറെ മാറ്റം ഉണ്ടായിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങൾക്കും സ്വന്തമായ കെട്ടിടം ഉണ്ട്. താല്ക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഒരു സ്കൂൾ പോലും നമ്മുടെ പഞ്ചായത്തിൽ എല്ലാ സ്കൂളുകളിലും ടോയ്‌ലറ്റുകളുടെയും യൂറിനലുകളും ഉണ്ട്. എന്നാൽ ഭിന്നശേഷിക്കാർക്ക് ഉള്ള ടോയ്‌ലറ്റുകളുടെ കാര്യത്തിൽ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും കുടിവെള്ള ലഭ്യത ഉണ്ട്.

എന്നിരുന്നാലും എല്ലാ സ്കൂളുകളിലും കളിസ്ഥലം ഇല്ല എന്ന് കാണാം. കൂടാതെ എല്ലാ സ്കൂളുകളിലും ചുറ്റുമതിൽ ഇല്ല. കായിക രംഗത്തെ പരാധീനത ഇന്നും തുടരുന്നതായും കാണാം. പഞ്ചായത്തിനു സ്വന്തമായി ഒരു സ്റ്റേഡിയം ഇനിയും യാഥാർത്ഥ്യമായിട്ടില്ല. 'വിഷൻ വളയം' തുടങ്ങിയ നൂതന പദ്ധതികളിലൂടെ വളയം ഗ്രാമ പഞ്ചായത്തിന്റെ വിദ്യാഭ്യാസ - കല - കായിക നിലവാരം മെച്ചപ്പെടുത്താൻ കഴിയുമെന്നു ഗ്രാമ പഞ്ചായത്ത് വിശ്വസിക്കുന്നു.

# അധ്യായം : 2

# വിദ്യാഭ്യാസം, കല, സംസ്കാരം, കായ്ക വികസനം

ജനപങ്കാളിത്തത്തോടെയുള്ള വികസനം സാധ്യമാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയിട്ട് 25 വർഷം പിന്നിട്ട ഈ വേളയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ നേട്ടങ്ങളും പോരായ്മ കളും ചർച്ച ചെയ്യുകയാണ് ഈ അധ്യായത്തിൽ.

**നേട്ടങ്ങൾ**

* പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമൂഹത്തിൽ സ്വീകാര്യത വർദ്ധിച്ചു.
* 1996 നെ അപേക്ഷിച്ച് അൺ എയ്ഡഡ് സ്ഥാപനങ്ങളിലേക്കുള്ള കുട്ടികളുടെ പോക്ക് ഗണ്യമായി കുറഞ്ഞു.
* സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളിൽ വമ്പിച്ച പുരോഗതി, സ്ഥിരം കെട്ടിടങ്ങൾ, പരിഷ്കരിച്ച ടോയ്‌ലറ്റുകൾ, പാചകപ്പുര, ഫർണിച്ചർ, ഗ്യാസ് അടുപ്പുകൾ, സ്മാർട്ട് ക്ലാസ് റൂമുകൾ
* 2016-ൽ ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക സാഹചര്യം ശാസ്ത്രീയമായ രീതിയിൽ ആധുനിക വൽക്കരിക്കപ്പെട്ടു. ലാബുകൾ, ലൈബ്രറികൾ, സ്മാർട്ട് ക്ലാസ് റൂമുകൾ, ഡിജിറ്റൽ പഠന സൗകര്യങ്ങൾ, കൃത്യസമയത്ത് പാഠ പുസ്തകങ്ങളുടെ ലഭ്യത, വിജയ ശതമാന ത്തിലെ വർദ്ധനവ്
* വിശപ്പു രഹിത വിദ്യാലയങ്ങൾ. സർക്കാർ സ്കൂളിലെ കുട്ടികൾക്കുള്ള പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും.
* രക്ഷിതാക്കൾക്ക് സ്കൂൾ നടത്തിപ്പിലുള്ള താത്പര്യവും ഇടപെടലും വർദ്ധിച്ചു. ക്ലാസ് പിടിഎ സജീവമായി.
* 1991 -ൽ വളയം ഹയർസെക്കണ്ടറി സ്കൂൾ ആരംഭിച്ചത് സാധാരണക്കാരനെ ഉന്നത വിദ്യാഭ്യാസ സൗക ര്യങ്ങൾക്ക് കരുത്തേകി. പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫർണിച്ചറുകളും പഠനോപകരണങ്ങളും ഏതാനും പഠനമുറികളും നൽകുകയുണ്ടായി.
* പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിലേക്ക് എത്തുന്നതിന് ഗോത്രസാരഥി പദ്ധതി പോലുള്ള പ്രത്യേക പദ്ധതി
* തുടർ സാക്ഷരതാ കേന്ദ്രങ്ങൾ നിലവിൽ വന്നു. പഠിതാക്കളുടെ പരീക്ഷാ ഫീസ് പഞ്ചായത്ത് നൽകുന്നു.
* ചിട്ടയായും സമയബന്ധിതവുമായ അധ്യാപക പരിശീലനം.
* കുട്ടകളിലെ പ്രത്യേക നൈപുണ്യം കണ്ടെത്തി അക്കാദമിക, കലാ കായിക രംഗങ്ങളിൽ സ്ഥാനമുറപ്പിക്കു ന്നതിന് പ്രത്യേക പരിശീലന പരിപാടിയായ നൂതന പദ്ധതി വിഷൻ വളയം.

**പോരായ്മകൾ**

* സ്കൂളുകളുടെ അക്കാദമിക ഭൗതീക സാഹചര്യങ്ങളുടെ വളർച്ചയ്ക്ക് ആനുപാതികമായി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെട്ടിട്ടില്ല.
* വിദ്യാഭ്യാസ പ്രവർത്തനങ്ങളെ കരിക്കുലവുമായി ബന്ധപ്പെടുത്തുന്നതിലുണ്ടാകുന്ന വീഴ്ച കാരണം വിദ്യാർത്ഥികളിൽ അടിസ്ഥാനാശയ വികസനം പ്രതീക്ഷിച്ച രീതിയിൽ സാധ്യമാകുന്നില്ല. ഇതുമൂലം ലൈബ്രറികൾ ലാബുകൾ സ്മാർട്ട് ക്ലാസ് റൂമുകൾ തുടങ്ങിയവയൊക്കെ തന്നെ വേണ്ടരീതിയിൽ പ്രയോജനമാകുന്നില്ല.
* പ്രീപ്രൈമറിയിൽ ഏകീകൃത പാഠ്യപദ്ധതി ഇല്ല
* എല്ലാ സ്കൂളുകൾക്കു കളിസ്ഥലം ഇല്ല.
* അടിസ്ഥാന സൗകര്യ വികസനം ഉണ്ടായിട്ടും ടോയ്‌ലറ്റുകളുടെ ശുചിത്വം പരിപാലിക്കാൻ കഴിയുന്നില്ല
* സ്റ്റേഡിയം ഇന്നും നിലവിൽ വന്നിട്ടില്ല.
* കേരളോത്സവങ്ങൾ ജനകീയമാക്കുന്നതിൽ വീഴ്ച
* വിദ്യാഭ്യാസ കലാസാംസ്കാരിക കായിക രംഗത്തെ അടിസ്ഥാന വിവരങ്ങളുടെ അഭാവം.
* സാമൂഹിക ഓഡിറ്റിങ്ങും മോണിറ്ററിങ്ങും നടക്കുന്നില്ല.
* തുടർ സാക്ഷരതയിലേക്ക് പഠിതാക്കളെ എത്തിക്കുന്നതിൽ വീഴ്ച്ച.

## അദ്ധ്യായം – 5

# സംയോജന സാദ്ധ്യതകൾ

കേന്ദ്ര സംസ്ഥാനപദ്ധതികളുമായും മിഷനുകളുമായും ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുമായുള്ള സംയോജന സാധ്യതകൾ, സംയോജിത പരിപാടികൾ, സംയുക്ത പദ്ധതികൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

മേൽപറഞ്ഞ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷാ കേരള, സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, ഡി.പി.ഐ, ജില്ലാ കലക്ടർ, എം.പി, എം എൽ.എ, ബ്ലോക്ക് - ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സമിതി (പഞ്ചായത്ത്) എന്നിവരുമായും പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തനത്തിന്റെ ഭാഗമായും വിവിധ പദ്ധതികളുമായി യോജിപ്പിക്കാവുന്നതാണ്. ഉദാ.പരിശീലനം -SSA/BRCI

# ആമുഖം

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഇരുപത്തിയഞ്ചു വർഷം പൂർത്തിയാവുന്ന ഘട്ടത്തിലാണ്. 14 - ാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. വികേന്ദ്രീകരണാസൂത്രണത്തിന്റെ കാൽനൂറ്റാണ്ടുകാലത്തെ അനുഭവ പരിചയം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന ക്ഷമത ഗണ്യമായുയർത്തിയിട്ടുണ്ട്. വൈവിധ്യമാർന്ന പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനുമുള്ള പ്രാപ്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം ആർജ്ജിച്ചു കഴിഞ്ഞു.

പ്രാദേശിക വികസന പദ്ധതികളുട ആസൂത്രണവും നിർവ്വഹണവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിക്ഷിപ്ത ചുമതലയാണ്. വിവിധ വികസന സൂചികകളിൽ കേരളത്തിനു ദേശീയ തലത്തിൽ പ്രഥമ സ്ഥാനം ലഭിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശികാസൂത്രണത്തിൽ തദേശ ഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന നിഷ്ഠയും മികവുമാണ്. കേരളം തുടർച്ചയായി രണ്ടു വർഷം നേരിട്ട പ്രളയങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങളും അതിജീവിക്കാൻ കേരളീയ സമൂഹത്തിനു കഴിഞ്ഞത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ശേഷിയും കാര്യക്ഷമതയും ഇനിയും വർദ്ധിപ്പിക്കുന്നതിനാണ് 14 - ാം പദ്ധതി ലക്ഷ്യമിടുന്നത്.

വളയം ഗ്രാമപഞ്ചായത്തിലെ 14 - ാം പദ്ധതി പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചത് സ.ഉ (കൈ) നം.275/ 21/ത.സ്വ.ഭ.വ തീയ്യതി 26.11.2021 പ്രകാരം പദ്ധതി രൂപീകരണത്തിന്റെ മുന്നോടിയായി അവസ്ഥാരേഖ തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗരേഖ അംഗീകരിച്ച് ഉത്തരവ് പുറത്തുവന്നതോടുകൂടിയാണ്. നിലവിലുള്ള ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും തയ്യാറാക്കിയ അവസ്ഥാരേഖ (Status Report) പൂർത്തീകരിച്ച് അവതരിപ്പിക്കുകയാണ്.

ഓരോ വികസന മേഖലയുടെയും നിലവിലുള്ള അവസ്ഥയുടെ ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ വിശകലനരേഖയാണ് സ്റ്റാറ്റസ് റിപ്പോർട്ട്, ഓരോ വരർക്കിംഗ് ഗ്രൂപ്പും അതത് മേഖലയുടെ അവസ്ഥ വിശദമായി പഠിച്ച് അപഗ്രഥിക്കുന്ന ഈ രേഖ പദ്ധതി ആസൂത്രണത്തിന് അനിവാര്യമാണ്. മേഖലയുടെ അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും സാധ്യതയും എല്ലാം പഠിച്ച് പ്രതിപാദിക്കുന്നതിനു പുറമേ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെ കുറിച്ചുള്ള വിവരങ്ങളും രേഖയിൽ കാണാം. ഇതിനു പുറമെ കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കി വിജയിപ്പിച്ച പദ്ധതികളെക്കുറിച്ചും വേണ്ടത്ര വിജയം കൈവരിക്കാത്തതും പരാജയപ്പെട്ടതുമായ പദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങളും അവസ്ഥാരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1996 - ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും താരതമ്യം ചെയ്യുന്നതാണ് ഓരോ മേഖലയുടെയും ഒന്നാം അധ്യായം. രണ്ടാമധ്യായം കഴിഞ്ഞ 25 വർഷത്തെ വിലയിരുത്തലാണ്. 3,4.,5 ഫോറങ്ങൾ ഉപയോഗിച്ച് വിവരങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു. അതത് മേഖലയിലെ വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വശകലനം,

പരിഹാര സാധ്യതകൾ എന്നിവ ഫോറം ഉപയോഗിച്ച് മൂന്നാമധ്യായത്തിൽ വിശദമാക്കിയിരിക്കുന്നു. ഇതിന്റെ എല്ലാമ ടിസ്ഥാനത്തിൽ ഓരോ മേഖലയിലെയും ദീർഘകാലത്തേക്കും ഹ്രസ്വകാലത്തേക്കുമുള്ള വികസന ലക്ഷ്യങ്ങൾ, ലക്ഷ്യം കൈവരിക്കുന്നതിനുള്ള തന്ത്രങ്ങൾ എന്നിവ കൃത്യതയോടെ നിർവ്വഹിക്കാനുമാണ് നാലാം അധ്യായത്തിൽ ശ്രമിച്ചിട്ടുള്ളത്. ഫോറം 7 ലാണ് ഈ വിവരങ്ങൾ ഉൾക്കൊള്ളിച്ചത്. മറ്റു മേഖലകളുമായും കേന്ദ്ര-സംസ്ഥാന പദ്ധതികളുമായും മേൽത്തട്ട് - കീഴ്ത്തട്ട് സ്ഥാപനങ്ങളുമായും വിവിധ മിഷനുകളുമായുള്ള സംയോജന സാധ്യതകളാണ് അധ്യായം -5ൽ സൂചിപ്പിച്ചിരിക്കുന്നത്.

1996-ലെ വികസന രേഖ, പഞ്ചായത്തിനു കീഴിലെ ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ, അങ്കണവാടി സർവ്വെ, വിവിധ പഞ്ചവത്സര പദ്ധതി രേഖകൾ, പദ്ധതി രേഖകൾ, വികസന രേഖകൾ എന്നിവയിൽ നിന്നും പഞ്ചായത്ത്/സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അതത് വർക്കിംഗ് ഗ്രൂപ്പുകൾ ശേഖരിച്ച വിവരങ്ങളും അവസ്ഥാരേഖ തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ, തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങൾ അതത് വർക്കിംഗ് ഗ്രൂപ്പിലെ സന്നദ്ധ പ്രവർത്തകർ, അതത് മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, പഞ്ചായത്ത് ജീവനക്കാർ എന്നിവരുടെ കൂട്ടായ പരിശ്രമഫലമായാണ് ഇത്തരമൊരു രേഖ തയ്യാറാക്കാൻ സാധിച്ചത്. ഓരോ മേഖലയിലും തയ്യാറാക്കിയ കരട് റിപ്പോർട്ട് അതത് വർക്കിംഗ് ഗ്രൂപ്പ് പൊതു യോഗത്തിൽ ചർച്ച ചെയ്താണ് അന്തിമമാക്കിയത്.

അവസ്ഥാരേഖ എന്നത് തുടർച്ചയായി പരിഷ്കരിക്കേണ്ട രേഖയാണ്. പരിമിതികളും പോരായ്മകളും കാണാമെങ്കിലും നിശ്ചിത സമയത്തിനകം രേഖ പൂർത്തിയാക്കാൻ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടുമുള്ള സ്നേഹാദരങ്ങളും നന്ദിയും ഇവിടെ സന്തോഷ പൂർവ്വം പ്രകടിപ്പിക്കട്ടെ.

കെ.ടി.പ്രദീഷ്

പ്രസിഡണ്ട്

വളയം ഗ്രാമ പഞ്ചായത്ത്

വളയം

28-03-2022

# ഉള്ളടക്കം

1. പൊതു ഭരണം, ധനകാര്യം.

2. കൃഷിയും അനുബന്ധ മേഖലകളും.

3. മൃഗസംരക്ഷണം ക്ഷീര വികസനം.

4. പ്രാദേശിക സാമ്പത്തിക വികസനം
   ചെറുകിട വ്യവസായം

5. ദാരിദ്ര്യ ലഘൂകരണം

6. വനിതാ വികസനം

7. സാമൂഹ്യ നീതി

8. പട്ടികജാതി വികസനം

9. പട്ടിക വർഗ്ഗ വികസനം

10. ആരോഗ്യം

11. കുടിവെള്ളം, ശുചിത്വം

12. വിദ്യാഭ്യാസം, കലയും, സംസ്കാരവും
    യുവജന ക്ഷേമം

13. പൊതുമരാമത്ത്

14. ജൈവ വൈവിധ്യ മാനേജ്മെന്റ്
    പരിസ്ഥിതി, ദുരന്ത നിവാരണം

15. അനുബന്ധ വർക്കിംഗ് ഗ്രൂപ്പുകൾ

# അധ്യായം – 1

## 1996 – ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

ഏതാണ്ട് 50 കൊല്ലം മുമ്പു വരെ കൃഷിയും കാലി വളർത്തലും മാത്രമായിരുന്നു ജനങ്ങളുടെ ഉപജീവന മാർഗ്ഗം. കാലം ചെല്ലും തോറും കാർഷിക മേഖല ആദായകരമായി തീരുകയും കൃഷിയിടങ്ങൾ ചുരുങ്ങി വരുകയും ചെയ്തതോടെ കാലി വളർത്തലും നാമ മാത്രമായി തീർന്നു. മൃഗ പരിപാലന രംഗത്ത് നമ്മുടെ പഞ്ചായത്ത് പിന്നിലായിരുന്നു എങ്കിലും ജനകീയാസൂത്രണം നടപ്പിലായതും കുറ്റിക്കാട് വെറ്ററിനറി ഡിസ്പെൻസറി നിലവിൽ വന്നതും ഈ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

| വർഷം | പശുക്കൾ | ആട് | കോഴി |
|---|---|---|---|
| 1996 | 2528 | 1795 | 6328 |
| 2012 | 1396 | 704 | 3809 |
| 2020 | 1014 | 714 | 10980 |

# അധ്യായം – 2

## 25 വർഷത്തെ വിലയിരുത്തൽ

1996 – ൽ ഉണ്ടായിരുന്ന പശുക്കളുടെ എണ്ണം 2528 എന്നുള്ളത് 2020 ആകുമ്പോഴേക്കും 1014 ആയി കുറഞ്ഞു. എന്നാൽ ജനകീയാസൂത്രണത്തിലൂടെ കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തതു കൊണ്ട് 1996-ൽ ഉണ്ടായിരുന്ന കോഴികളുടെ എണ്ണം 6328 – ൽ നിന്നു 2020 ആകുമ്പോഴേക്കും 10980 ആയി വർദ്ധിക്കുകയാണ് ഉണ്ടായത്. 2020 – 21 ൽ ക്ഷീര ഗ്രാമം പദ്ധതിയിലൂടെ 6 വനിതകൾക്ക് ഒരു പശു വീതം നൽകുകയുണ്ടായി. ആട്, പശു, കോഴി എന്നിവയെ വാങ്ങുന്നതിനും വളർത്തുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതിലൂടെ മൃഗ സംരക്ഷണ മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കാൻ കഴിയും.

ഫോറം, 3,4,5,6,7

# അധ്യായം – 5

## സംയോജന സാധ്യതകൾ

നല്ലയിനം കറവപ്പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ജില്ലാപഞ്ചായത്തുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കാം. വെറ്റിനറി ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ്, സംസ്ഥാന സർക്കാർ, ബഹു എം.എൽ.എ ഫണ്ട്, ബഹു.എം.പി ഫണ്ട് എന്നിവ പരിഗണിക്കാവുന്ന താണ്. വളയം ഗ്രാമ പഞ്ചായത്തിന്റെ നൂതന പദ്ധതിയായ വടകര പശു പരിപാലനം എന്ന പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കേണ്ടതുണ്ട്.

## പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ

| | | | | |
|---|---|---|---|---|
| 1. | ശ്രീ.കെ.പി.പ്രദീഷ് | പ്രസിഡണ്ട് | വാർഡ് 6 | 9496048118 |
| 2. | ശ്രീമതി നിഷ പി.ടി | വൈസ്.പ്രസിഡണ്ട് | വാർഡ് 14 | 9946565279 |
| 3. | ശ്രീ.വിനോദൻ.കെ | ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | വാർഡ് 2 | 9496343727 |
| 4. | ശ്രീമതി എം.സുമതി | ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | വാർഡ് 7 | 9745657809 |
| 5. | ശ്രീ.എം.കെ.അശോകൻ മാസ്റ്റർ | ചെയർമാൻ, ആരോഗ്യവും വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി | വാർഡ് 9 | 9496808571 |
| 6. | സിനില.പി.പി | മെമ്പർ | വാർഡ് 1 | 7558982260 |
| 7. | ഷബിന കെ.ടി | മെമ്പർ | വാർഡ് 3 | 9048405579 |
| 8. | വി.കെ രവി | മെമ്പർ | വാർഡ് 4 | 9946025135 |
| 9. | വിജേഷ് കൂരിക്കബി | മെമ്പർ | വാർഡ് 5 | 9656490798 |
| 10. | എം.ദേവി | മെമ്പർ | വാർഡ് 8 | 9539523191 |
| 11. | സുശാന്ത് വളയം | മെമ്പർ | വാർഡ് 10 | 8086128340 |
| 12. | എൻ.റൈഹാനത്ത് | മെമ്പർ | വാർഡ് 11 | 9645710102 |
| 13. | നസീമ താരോന്റവിട | മെമ്പർ | വാർഡ് 12 | 9495892405 |
| 14. | വി.പി.ശശിധരൻ മാസ്റ്റർ | മെമ്പർ | വാർഡ് 13 | 9446641032 |

# കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ മാനേജ്മെന്റ്, പരിസ്ഥിതി സംരക്ഷണം ദുരന്ത നിവാരണം

## അധ്യായം 1

## 1996ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വിഷയങ്ങൾ ജനകീയാസൂത്രണത്തിൽ തുടക്കത്തിൽതന്നെ ഗൗരവമായി പരിഗണിക്കപ്പെടുന്നില്ല. എന്നാൽ ഭൂമിയുടെ നിലനിൽപ്പ് തന്നെ അവതാളത്തിലാകുകയും പാരിസ്ഥിതിക സന്തുലനാവസ്ഥയ്ക്ക് കാര്യമായ ക്ഷതം ഏൽക്കുകയും ചെയ്തതോടെയാണ് ഇത്തരം വിഷയങ്ങൾ കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ പഠന വിധേയമായത്. ഭൗമ കാലാവസ്ഥ ഉച്ചകോടികളിൽ ഇത്തരം വിഷയങ്ങൾ ഉയർന്ന് വരാറുണ്ടെങ്കിലും ഒരു ദശാബ്ദത്തിനുള്ളിലാണ് ഭരണകൂടങ്ങൾ ഇവ ഗൗരവമായി പരിഗണിച്ചത്. ഗ്രാമപഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടലിൽ മണ്ണിനടിയിൽപ്പെട്ട് പൊലിഞ്ഞ് പോയത് വിലയേറിയ രണ്ട് ജീവനുകളായിരുന്നു. ഗ്രാമപഞ്ചായത്ത് അതുകൊണ്ട്തന്നെ ഇത്തരം വിഷയങ്ങളിൽ പ്രത്യേക ഊന്നൽ നൽകുന്നു.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലും ഇത്തരം വിഷയങ്ങൾ ഗൗരവമായി പരിഗണിക്കപ്പെട്ടു. ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി തോടുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ടതിന്റെ ഗൗരവം വികസനപ്രവർത്തനങ്ങൾക്കൊപ്പം പരിഗണിക്കപ്പെട്ടു. ഇനി ഞാൻ ഒഴുക്കട്ടെ, തെളിനീരൊഴുകും നവ കേരളം എന്നീ പദ്ധതികളിലൂടെ വളയം ഗ്രാമപഞ്ചായത്തിലെ തോടുകളും നീർച്ചാലുകളും വൃത്തിയാക്കി നീരുറവയുടെ ഒഴുക്ക് സുഗമമാക്കി. വളയം ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട ടൗണായ വളയം ടൗൺ, കല്ലുനിര, ചുഴലി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടേയും, ജനപ്രതകിനിധികളുടേയും, ജനങ്ങളുടേയും, പോലീസിന്റേയും സഹകരണത്തോടെ മാലിന്യമുക്തമാക്കി.

മഴക്കാലത്ത് പഞ്ചായത്തിലെ പല ഭാഗത്തും വെള്ളം കയറി സാധാരണ ജീവിതത്തിന് പ്രയാസം നേരിടുന്നു. കിണർ ജലം മലിനപ്പെടുന്നു. കുടിവെള്ളത്തിലെ മാലിന്യങ്ങൾ കണ്ടെത്താൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജലപരിശോധന ഏറ്റെടുത്ത് നടത്തുന്നു. വരാനിരിക്കുന്ന കാലാവസ്ഥാ മാറ്റങ്ങൾ നിർണ്ണായപങ്ക് മാലിന്യസംസ്കരണത്തിനും ഉണ്ട്. ഖര ദ്രാവക വാതക മാലിന്യങ്ങളുടെ വിന്യാസവും വിതരണവും നിയന്ത്രിക്കേണ്ടതും ചിലതൊക്കെ ഇല്ലാതാക്കേണ്ടതും ഭൂമിയുടെ നിലനിൽപ്പിന് അനിവാര്യമാണ്. ഗ്രാമപഞ്ചായത്ത് വേസ്റ്റ് മാനേജ്മെന്റ് ബൈലോ ത്യാറാക്കിയതും ഹരിത കർമ്മ സേന രൂപീകരിച്ച് വാർഡുകളിൽ നിന്നും മാലിന്യങ്ങൾ സംഭരിച്ച് മിനി എംസി എഫുകളിൽ എത്തിക്കുകയും ഇവ തരംതിരിച്ച് കയറ്റി അയക്കുകയും ചെയ്യുന്നു. ജനകീയാസൂത്രണത്തിലൂടെ ഇത്തരം വിഷയങ്ങളിൽ ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കേണ്ടതുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് മനസ്സിലാക്കുന്നു.

# അധ്യായം 2

# 25 വർഷത്തെ വിലയിരുത്തൽ

കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ മാനേജ്മെന്റ്, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം, വർക്കിംഗ് ഗ്രൂപ്പ് മേഖലയിലെ പ്രധാന ഇടപെടലുകൾ മാറ്റങ്ങൾ, നേട്ടങ്ങൾ, പോരായ്മകൾ എന്നിവ വിശകലനം ചെയ്യാവുന്നതാണ്.

അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ മാറ്റങ്ങൾ നമ്മുടെ പഞ്ചായത്തിലെ പരിസ്ഥിതിയേയും സാമൂഹിക ജീവിതത്തേയും സാരമായി ബാധിച്ചു തുടങ്ങിയിട്ടുണ്ട്. 2002ലെ ഉരുൾപൊട്ടലിൽ പല വീടുകളും ഭാഗികമായും മൂന്ന് വീടുകൾ പൂർണ്ണമായും തകർന്നു. രണ്ട് ജീവനുകൾ നഷ്ടപ്പെട്ടു.

ദുരന്തകാലത്ത് പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗങ്ങളെ പട്ടികപ്പെടുത്തുകയും ദുരന്ത സാധ്യത പ്രദേശങ്ങൾ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഉള്ള സ്ഥലങ്ങൾ എന്നിവ കണ്ടെത്തുകയും ചെയ്തു.

ആയോട് മലനിരകൾ, അഭയഗിരി മലനിരകൾ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ ആണ് സ്ഥിതി ചെയ്യുന്നത്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണിയിൽ ഉള്ള 60 വീടുകൾ ഇന്നും വളയം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. ദുരന്ത നിവാരണ പദ്ധതി പ്രകാരമുള്ള കമ്മിറ്റി, ആർ.ആർ.ടി രക്ഷാപ്രവർത്തന ഒഴിപ്പിക്കൽ ഷെൽട്ടർ മാനേജ്മെന്റ് ടീം, പ്രഥമ ശുശ്രൂഷ ടീം എന്നിവയും സന്നദ്ധ പ്രവർത്തകരുടെ ടീം എന്നിവയും രൂപീകരിച്ചു.

ദുരിതാശ്വാസ സൗകര്യങ്ങൾ എമ്ജൻസി റസ്റ്റോറന്റ് ടീം ദുരിതാശ്വസ കേന്ദ്രങ്ങൾ എന്നിവ നിശ്ചയിക്കുകയും ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സൗകര്യപ്പെടുത്താനും പദ്ധതികൾ ആവിഷ്കരിച്ചു.

പോരായ്മകൾ

ദുരന്ത നിവാരണ സന്നദ്ധസേന രൂപീകരിച്ചെങ്കിലും ആവശ്യമായ പരിശീലനങ്ങൾ പൂർണ്ണമായും നൽകിയിട്ടില്ല.

ദുരന്ത നിവാരണത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ സാമഗ്രികളും പര്യാപ്തമല്ല. വ്യത്യസ്ത ദുരന്ത സാഹചര്യങ്ങളിൽ ഇടപെടാൻ കഴിയുന്ന വിദഗ്ധരായ തൊഴിലാളികളേയും സാങ്കേതിക വിദ്യയും സജ്ജമാക്കേണ്ടതുണ്ട്.

ദുരന്ത സാധ്യതാ പ്രദേശങ്ങളെ പറ്റി ഇനിയും പഠനം നടത്തേണ്ടതുണ്ട്.

# അധ്യായം 5

# സംയോജന സാധ്യതകൾ

സംസ്ഥാന സർക്കാർ സഹായത്തിന് പുറമെ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ, എം.പി, എം.എൽ.എ ഫണ്ട് എന്നിവയുടെ സംയോജന സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തണം. വെള്ളക്കെട്ട്, തോടുകളുടെ സംരക്ഷണം എന്നിവക്ക് ഇറിഗേഷൻ ഫണ്ടും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകളും ഉപയോഗപ്പെടുത്തണം. വരൾച്ച കാലത്ത് ഉണ്ടാകുന്ന കുടിവെള്ള പ്രശ്നത്തിന് ജൽജീവൻ മിഷൻ പദ്ധതിയിലൂടെ കേന്ദ്ര സംസ്ഥാന പദ്ധതി തുക ഉപയോഗപ്പെടുത്താം. ചെറുമോത്ത് പ്രദേശത്ത് തോടുകൾക്ക് വീതി കൂട്ടി വെള്ളക്കെട്ട് സാധ്യത ഒഴിവാക്കുന്നതിന് സർക്കാറിന്റെ പ്രത്യേക ധനസഹായം ആവശ്യവുമാണ്.